ഈ സീസൺ തുടങ്ങുന്നതിനുമുമ്പുതന്നെ ഇതിന്റെ കുത്തക സംഭരണത്തിലും വിതരണത്തിലും ഒരു നയം തീരുമാനിക്കണമെന്നാണ്. അതിൽ പല പ്രശ്നങ്ങളുമുണ്ട്. ഇവിടെ പല മെമ്പർമാരും ചൂണ്ടിക്കാണിച്ച തൊഴിലാളികളുടെ തൊഴിലിനെ സംബന്ധിച്ചുള്ള പ്രശ്നവും കശുമാവു കർഷകരുടെ പ്രശ്നവുമെല്ലാം ഉണ്ട്. ഏതായാലും ഒക്ടോബർമാസത്തിൽത്തന്നെ ഇതുമായി ബന്ധപ്പെട്ട് സെൻട്രൽ ട്രേഡ് യൂണിയൻ ലീഡേഴ്സിന്റെ ഒരു യോഗം ഉണ്ട്. അപ്പോഴും ഇതെല്ലാം ഒരു പൊതുപ്രശ്നമെന്ന നിലയിൽ കാണുന്നതാണ്. അതായത് കശുവണ്ടിവ്യവസായത്തെ ഇവിടെ എങ്ങനെ പിടിച്ചുനിറുത്താം. അതിനുള്ള പ്രശ്നങ്ങളിൽ ഗവൺമെന്റിന് എന്തെല്ലാം ചെയ്യാൻ സാധിക്കും, അതിൽ എന്തെല്ലാം നടപടികളും അടിയന്തിരമായിയെടുക്കാം എന്നുള്ളതിനെ സംബന്ധിച്ച് കശുവണ്ടിത്തൊഴിലാളി പ്രതിനിധികളും കശുമാവു കർഷകപ്രതിനിധികളുമെല്ലാം ഉൾപ്പെടെയുള്ള ഒരു യോഗം ഈ ഒക്ടോബർമാസം 9-ാം തീയതി കൂടുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഒന്നോരണ്ടോ മൂന്നോ യോഗങ്ങളിൽ വേണമെങ്കിലും ഇതു ചർച്ച ചെയ്യാവുന്നതാണ്. ഗവൺമെന്റിന് അതിൽ വളരെയധികം താൽപ്പര്യമേയുള്ളു. ഇതിനുപൊതുധാരയ ഒരു സമീപനവും നയവും സ്വീകരിച്ചിട്ടുണ്ട്. കുത്തകസംഭരണം വേണ്ടെന്നുവച്ചതുകൊണ്ട് കൂടുതൽ ജോലികിട്ടിയെന്ന് വിശ്വസിക്കുകയാണ് ഗവൺമെന്റ്. അതിനെ സംബന്ധിച്ചിടത്തോളം യാതൊരു സംശയവുമില്ല. ബാക്കിയെന്തെല്ലാം പ്രശ്നങ്ങൾ ഇതിൽ വരുമോ അതിനെ സംബന്ധിച്ചെല്ലാം ചർച്ചചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. എം.വി. രാഘവൻ: കുത്തകസംഭരണത്തിൽ പ്രശ്നമില്ലായെന്നു പറഞ്ഞു. പിന്നെ ഏതു പ്രശ്നം തീരുമാനിക്കുവാനാണ് കർഷകരെയും തൊഴിലാളികളെയും വിളിക്കുന്നത്?

ശ്രീ. ഇ. അഹമ്മദ്: അല്ലാതെ ധാരാളം പ്രശ്നങ്ങളുണ്ട്. വേജസിനെ സംബന്ധിച്ച് പ്രശ്നങ്ങളുണ്ട്, മറ്റ് പ്രശ്നങ്ങളുണ്ട്. കുത്തകസംഭരണം സംബന്ധിച്ചുള്ളത് പ്രഖ്യാപിതമായ നയമാണ്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 1985-ലെ കേരള കശുവണ്ടി ഫാക്ടറികൾ(ആവശ്യപ്പെടൽ) ഭേദഗതി ബിൽ അവസാനമായി പാസ്സാക്കിത്തരണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ അവസാനമായി പാസ്സാക്കുകയുണ്ടായി.

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1984-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലക്കെടുക്കൽ) ഭേദഗതി ബിൽ.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 1984-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതിബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അബ്ദുക്കാദർകുട്ടി നഹ): സർ, ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: സർ, ഇതിൽ എനിക്ക് ഒന്നും പറയാനില്ല. ഇത് ഐക്യകണ്ഠ്യേന റിപ്പോർട്ട് ചെയ്തു കഴിഞ്ഞിരിക്കുകയാണ്. ഇതുംകൂടി നിയമസഭ കഴിയുന്നത്ര വേഗത്തിൽ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

Sri. S.R. Thankaraj: Sir, I move that the Kerala Cashew Factories (Acquisition) Amendment Bill, 1984 as reported by the Subject Committee be circulated for obtaining public opinion. ഈ നിയമം ആദ്യചർച്ച കഴിഞ്ഞത് വളരെയധികം ദേഗതിയുമായിട്ട് തിരിച്ചുവരുമെന്നുള്ള പ്രതീക്ഷയോടുകൂടിയാണ് സബ്ജക്ട് കമ്മിറ്റിക്കയച്ചത്. എന്നായാലും ബഹുമാനപ്പെട്ട മന്ത്രി അതിൽ യാതൊരു മാറ്റവുംകൂടാതെ വീണ്ടും ഈ സഭയിൽ അവതരിപ്പിച്ചിരിക്കുകയാണ്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബിൽ എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടുള്ള എല്ലാ ബഹുമാനങ്ങളോടുകൂടി ഞാൻ പറയുകയാണ് ഒരു തൊഴിലാളി വിരുദ്ധ നിയമമാണിതെന്ന്. ആ ഒറ്റക്കാരണംകൊണ്ടുതന്നെയാണ് മുമ്പുകൊടുത്ത അതേ ദേഗതിതന്നെ വീണ്ടും ഞാൻ അവതരിപ്പിക്കുവാൻ മുടയായത്. ഈ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കൊടുക്കുമെന്നും തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുമെന്നൊക്കെയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വാതോരാതെ സംസാരിക്കുന്നത്. ഇന്നലെവരെ അടച്ചിട്ടിരുന്ന ഈ ഫാക്ടറികളെ വിലയ്ക്കെടുത്തുകൊണ്ട്, ഇവിടെ കശുവണ്ടി സംസ്കരണത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകളിൽ സർക്കാരിന്റെ ഏറ്റവും ഒടുവിലത്തെ വികലമായ നയംകൊണ്ട് ഇന്നലെവരെ കിട്ടിക്കൊണ്ടിരുന്നെങ്കിൽ വളരെകുറച്ചുമാത്രം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നുള്ളതിനെപ്പറ്റിയാണ് എനിക്ക് മന്ത്രിയോട് ചോദിക്കുവാനുള്ളത്. കശുവണ്ടി ഫാക്ടറിയുടമകളുടെയും കോർപ്പറേഷന്റെയുമൊക്കെ സംവിധാനത്തെക്കുറിച്ച് നമ്മളിവിടെ ചർച്ചചെയ്തതാണ്. ഇന്ന് നിലവിലിരിക്കുന്ന നിയമമനുസരിച്ച് കുത്തകസംരണംപോലും ഇഫക്ടീവായിട്ട് നടത്താൻ സാധിക്കാത്ത ഒരു സാഹചര്യത്തിൽ വെളിയിൽനിന്നുള്ള കശുവണ്ടിയിറക്കുമതി വളരെ കുറഞ്ഞിരിക്കുന്ന ഒരു സാഹചര്യത്തിൽ ഈ രാജ്യത്തെ പാവപ്പെട്ട തൊഴിലാളികളെ പോഷണംചെയ്തത് ലക്ഷക്കണക്കിനുരൂപ സമ്പാദിച്ചശേഷം ഒരു തൊഴിലാളിവിരുദ്ധനയമെന്നുള്ള നിലയിൽത്തന്നെ ഈ ഫാക്ടറികൾ അടച്ചുപൂട്ടിയിട്ടിരിക്കുമ്പോൾ അതിനുപൈസകൊടുത്ത് വിലയ്ക്കെടുത്ത് ഇപ്പോഴത്തെ തൊഴിലില്ലാതിരിക്കുന്ന തൊഴിലാളികൾക്ക് എന്തു ഗുണം ചെയ്യുമെന്നുള്ളതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ആലോചിച്ചിട്ടുണ്ടോയെന്ന് ഒരു നിമിഷം അദ്ദേഹത്തിന്റെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. ഇതിൽ ഓരോന്നിനും എത്ര രൂപ കൊടുക്കണമെന്നുള്ളതിനെക്കുറിച്ചൊന്നും പറയുന്നില്ല. എങ്കിലും ഇത് അന്ന് നിർമ്മിക്കുന്ന കാലത്തെ വിലയെക്കാൾ ഇന്നുള്ള വില തിട്ടപ്പെടുത്തിയതിനുശേഷം ഇതിന്റെ കാലപ്പഴക്കത്തിന്റെ വില കുറച്ചിട്ടായാലും ഇവിടെ കാഷ്യു പ്രൊക്യൂവർമെന്റിനുപോലും ആവശ്യത്തിനുള്ള ധനം ഇന്ന് കൈയിലില്ല. ബജനാവിൽ ഒരുപക്ഷേ ഈ വ്യവസായവകുപ്പിനുവേണ്ടി നീക്കിവച്ചിട്ടുള്ള മുഴുവൻ തുകയും വിനിയോഗിച്ചാൽ പോലും ഇന്ന് കുത്തകമുതലാളിമാർ അടച്ചിട്ടിരിക്കുന്ന ഫാക്ടറികളെയെല്ലാം വിലയ്ക്കെടുക്കാൻ സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അതിനെല്ലാം ഉപരിയായി ഇവിടെ പരസ്പരവിരുദ്ധങ്ങളായ വകുപ്പുകളാണ് എഴുതിച്ചേർത്തിരിക്കുന്നത്. പരസ്പരവിരുദ്ധവും യുക്തിക്ക് നിരക്കാത്തതുമാണ് ഈ വകുപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുള്ളത്. അതിന് ഇന്ന് നിലവിലിരിക്കുന്ന നിയമങ്ങളനുസരിച്ച് ആനുകൂല്യങ്ങളും നിലനിറുത്തും. അതാണ് ആ വകുപ്പിൽ പറഞ്ഞിട്ടുള്ളത്. കോർപ്പറേഷനായാലും ശരി, സഹകരണസംഘങ്ങളായിരുന്നാലും ശരി അവർ നിശ്ചയിക്കുന്ന ആനുകൂല്യങ്ങളും വാങ്ങിച്ചുകൊണ്ട് തൊഴിൽ ചെയ്യുന്നതിനുള്ള സന്ദർഭങ്ങളുണ്ടാക്കണമെന്നാണ് എന്റെ അഭിപ്രായം. എനിക്ക് ഈ സഹകരണസംഘങ്ങളോടൊന്നും എതിർപ്പില്ല. സഹകരണസംഘങ്ങളും ഈ രാജ്യത്ത് വ്യാപകമായി നിലവിൽവരണമെന്ന ആഗ്രഹമുള്ളയാളാണ് ഞാൻ. ഇങ്ങനെ വന്നുകഴിഞ്ഞാൽ ഒരു പരിധിവരെയെങ്കിലും ഒഴിവാക്കാൻ കഴിയുമെന്ന് കശുവണ്ടി മേഖലയെക്കുറിച്ച് ചിന്തിക്കുമ്പോൾ നമുക്ക് കാണാൻകഴിയും. ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തന്നില്ലെങ്കിലും നല്ലൊരു ശതമാനം വിദേശനാണ്യം നേടിത്തരുന്ന ഒരു വ്യവസായമാണ് ഇത്. കഴിഞ്ഞകാലങ്ങളിലൊക്കെ വളരെ വ്യാപകമായും അതുപോലെതന്നെ വളരെ പ്രാധാന്യത്തോടുകൂടിയും ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് നിലവിലിരിക്കുന്ന വിലയെക്കാൾ വളരെക്കൂടുതൽ വിലകൊടുത്ത് വാങ്ങിക്കുന്ന അടുത്ത സംസ്ഥാനങ്ങളിൽ ഇത് ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിലൂടെ ഒന്നു കടന്നുപോകാനിടയാകുകയാണെങ്കിൽ ബഹുമാനപ്പെട്ട ചെയറിന് തന്നെ മനസ്സിലാക്കാൻ സാധിക്കും. നമ്മുടെ കേരളത്തിലുള്ള കശുവണ്ടി മുഴുവൻ കടത്തിക്കൊണ്ടുപോയി നമ്മുടെ അതിർത്തി പ്രദേശത്ത് പല ഭാഗങ്ങളിലും പുതിയ ഫാക്ടറികൾ കെട്ടി അവിടെയുള്ള ആളുകളെക്കൊണ്ട് വളരെ വിജയപ്രദമായി, ലാഭകരമായി ഇതിനെ പ്രവർത്തിപ്പിക്കുകയും അവർ ലാഭമുണ്ടാക്കുകയും ചെയ്യുന്നു. അപ്പോൾ എന്തുകൊണ്ട് അടുത്ത സംസ്ഥാനത്ത് ലാഭകരമായി പ്രവർത്തിക്കുന്നതിനെ നമ്മുടെ ഈ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്ന തൊഴിലാളികളും ധാരാളം ഉള്ളപ്പോൾ ഇവിടെ ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികളും എടുക്കാത്തത്. ഇപ്പോഴത്തെ റിക്യൂസിഷൻ നിയമം ഇവിടെ കൊണ്ടുവന്നു. ആ വകുപ്പ് ഉപയോഗിച്ച് ഇതിനെ ആ റിക്യൂസിഷൻ നിയമത്തിന്റെ കീഴിൽ അടച്ചിട്ടിരിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും നടത്താൻ സാധിക്കുമായിരുന്നു. പക്ഷേ വിലക്കെടുക്കണമെന്നുതന്നെ ബഹുമാനപ്പെട്ട മന്ത്രിക്ക് ഇത്രയും വലിയ വാശി തോന്നാൻ കാരണമെന്താണ്? വിലക്കെടുക്കുക എന്നു പറയുമ്പോൾ വിലക്കെടുക്കുന്ന ആ തുക ഉപയോഗിച്ച് ഇന്നലെവരെ ലക്ഷക്കണക്കിന് രൂപയുടെ ലാഭമുണ്ടാക്കിക്കൊടുത്ത തൊഴിലാളികളാണല്ലോ, ആ തൊഴിലാളികൾക്ക് ഇന്നലെവരേയുള്ള, ആ വിലക്കെടുക്കുന്ന ദിവസംവരെയുള്ള ആനുകൂല്യങ്ങൾകൂടി നേടിക്കൊടുക്കുന്നതിനുള്ള എന്തെങ്കിലും ഒരു വകുപ്പ് ഈ ആക്ടിൽ എഴുതിച്ചേർത്തിട്ടുണ്ടോ എന്നു പരിശോധിക്കണം. ഈ ആക്ടിൽ പറഞ്ഞിരിക്കുന്നത് അനുസരിച്ച് ഇതിൽ ക്ലാസ് ടൂ ക്ലാസ് വായിച്ചുനോക്കിയാൽ ഇതേറെടുക്കുന്നതുവരെയുള്ള യാതൊരു ആനുകൂല്യങ്ങളും തൊഴിലാളിക്ക് പുതിയ മാനേജ്മെന്റിനോടോ കോർപ്പറേഷനോടോ അല്ലെങ്കിൽ സൊസൈറ്റിയോടോ ചോദിക്കാൻ അവകാശമില്ല. സർക്കാരിനോട് ചോദിക്കാൻ അവകാശമില്ല. അപ്പോൾ സർക്കാരിനോട് ചോദിക്കാൻ അവകാശമില്ലെങ്കിൽപിന്നെ എവിടെയാണ് ഈ തൊഴിലാളികൾ പോകേണ്ടത്? ഒരു വെൽഫെയർ സ്റ്റേറ്റാണ് എന്നുള്ള നിലയിൽ തൊഴിലാളികളുടെ

LIBRARY ARCHIVES Kerala Legislative Assembly

അവകാശങ്ങളും സംരക്ഷിക്കേണ്ട ചുമതല സർക്കാരിനു് ആണു് എന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഈ രാജ്യത്തു് നിലവിലിരിക്കുന്ന നിയമങ്ങളെല്ലാം കൊണ്ടുപോകേണ്ടതു് ഒരു വീക്കർ സെക്ഷൻ എന്നുള്ള നിലയിൽ ഈ രാജ്യത്തെ പുരോഗതിയിലേക്കു് നമ്മളെ നയിക്കുമ്പോളും ഏറ്റവും കൂടുതൽ ഭോഗം വരുന്ന ഈ വീക്കർ സെക്ഷൻസിന്റെ ജീവിതനിലവാരം ഉയർത്തുക എന്നുള്ളതു് അതിന്റെ ഭോഗമാണു്. അവരുടെ അവകാശങ്ങളും സംരക്ഷിക്കുക എന്നുള്ളതു് അതിന്റെ ഭോഗമാണു്. ഒരു വെൽഫെയർ സ്റ്റേറ്റു് എന്നുള്ള നിലയിൽ കടമകളും നിർവ്വഹിക്കുന്നതിൽ നിന്നു് പിൻമാറുന്നതിനോടൊപ്പംതന്നെ ഈ തൊഴിലാളികളുടെ ഒരവകാശവും സംരക്ഷിക്കാതെ ഈ വിഭാഗം ആളുകളുടെ അവകാശങ്ങളും മാത്രം സംരക്ഷിക്കണമെന്ന പ്രത്യേക വാശി തോന്നേണ്ട സാഹചര്യം എന്താണു്? ഈ രാജ്യത്തു് പ്രത്യേക സാഹചര്യം പല സന്ദർഭങ്ങളിലും ഉണ്ടായി. പക്ഷേ ഇവിടെ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി വളരെ വിപ്ലവകരമായ പരിപാടി എന്നുള്ള നിലയിൽ ആണു് ഇവിടെ പൈപ്പു് വാങ്ങിയതും മറ്റു നടപടികളും നടത്തിയതും. ഇതിനു് ഒരു പ്രത്യേക സാഹചര്യം വന്നാൽ എന്നു പറയുകയായിരുന്നു; വരുമ്പോൾ വന്ന സാഹചര്യത്തിൽ അങ്ങനെയൊരു നടപടി എടുത്തു. ഇപ്പോൾ ഈ മുതലാളിമാർക്കു് ബജനാവിലുള്ള പണം മുഴുവനും ചോർത്തി ഇതിന്റെ വിലയായി കൊടുത്തേ തീരൂ എന്നുള്ള ഒരു വാശി വരേണ്ട പ്രത്യേക സാഹചര്യം വന്നില്ല എന്നാണു് എനിക്കു പറയാനുള്ളതു്. അതേ സമയത്തു് ഈ കുത്തക സംരേണത്തിനുവേണ്ടി എന്തു നടപടി ഇതിൽ പറഞ്ഞിട്ടുണ്ടു്. ഇങ്ങനെ ഒരു സൊസൈറ്റി അല്ലെങ്കിൽ കോർപ്പറേഷൻ ഉണ്ടാക്കിക്കഴിഞ്ഞാൽ, ഇതിനെയെല്ലാം വിലക്കെടുത്തുകഴിഞ്ഞാൽ ഇവർക്കു് എത്ര ദിവസം തൊഴിൽ കൊടുക്കാൻ സാധിക്കും, അതിനുള്ള മാർഗ്ഗമെന്താണു്, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൊസൈറ്റികളിലൂടെയൊക്കെ പ്രൊക്യൂർമെന്റു് നടത്തുമെന്നു പറഞ്ഞു. ഈ കഴിഞ്ഞ കാലത്തെ അനുഭവമെന്താണു്?

നെയ്യാറിൻകര താലൂക്കിൽ ഉള്ള അനേകം സഹകരണ സ്ഥാപനങ്ങളും എനിക്കറിയാം. ഒരൊറ്റ സഹകരണസ്ഥാപനത്തിലും ആരെങ്കിലും ഈ കശുവണ്ടിയുടെ ഉൽപ്പാദനഘട്ടത്തിൽ കിട്ടുന്ന സാധനം കൊണ്ടുകൊടുത്താൽ അതിനു് പൈസ കൊടുത്തു് അതിന്റെ അളവു് നോക്കി എടുക്കുന്നതിനുള്ള യാതൊരു സംവിധാനവും ഉണ്ടായിരുന്നില്ല. നെയ്യാറിൻകര താലൂക്കിൽ ഒരു വിഭാഗം ഉദ്യോഗസ്ഥൻമാരെ ഇതിനുവേണ്ടി സഹകരണരംഗത്തുനിന്നു് നിയോഗിച്ചിരുന്നു. ആ ഉദ്യോഗസ്ഥൻമാർ ഇങ്ങനെ ഇതു് ആരുടെയെങ്കിലും കൈവശമിരിക്കുന്നതായോ കൊണ്ടുപോകുന്നതായോ കണ്ടാൽ അവരുടെ അധികാരപരിധിയിൽ വരുന്നതാണെങ്കിൽ—25 കി.ഗ്രാം എന്നാണു് എന്റെ ഓർമ്മ—അങ്ങനെയുള്ള സാധനം അവരുടെ കൈവശമുണ്ടായിരുന്നാൽ അതിനെ പിടിച്ചെടുത്തു് അതിന്റെ വില കൊടുത്തയക്കാൻ അതിനു് ഒരു പൈസപോലും ഇതിനു് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ കൈയിൽ കിട്ടാതെ അവർക്കു് അതിന്റെ സംവിധാനം ഏർപ്പെടുത്താതെ അതിനുവേണ്ടി ഒരു സംവിധാനമുണ്ടാക്കിയിരുന്നതു്. അവിടെനിന്നു് ഏതാണ്ടു് 40 കി.മീ. അകലത്തിൽ നെടുമങ്ങാട്ടു് ആണു്. കളിയിക്കാവിളയിൽനിന്നു് ഏതെങ്കിലുമൊരാളിന്റെ കൈയിൽനിന്നു് 25 കി.ഗ്രാം കശുവണ്ടി പിടിച്ചെടുത്താൽ അതിനെ നെടുമങ്ങാടു് കൊണ്ടുപോയി വിൽക്കണം. അതുവരെ പോകുന്നതിനുള്ള സംവിധാനം എന്താണെന്നുള്ളതു്

LIBRARY ARCHIVES Kerala Legislative Assembly

ആർക്കും അറിഞ്ഞുകൂടാ. എങ്ങനെ കൊണ്ടുചെന്ന് എത്തിക്കുമെന്ന് അറിഞ്ഞുകൂടാ. ഈ 25 കി.ഗ്രാം റാകോഷ്യുനട്ട് ഉപയോഗിച്ചാലും അതിന്റെ വില ഉപയോഗിച്ചാലും അതുവരെ പോയി ഈ സാധനത്തെ അവിടെ എർപ്പെടുത്തിയിട്ടുള്ള, അതിന് സംവിധാനം ചെയ്തിട്ടുള്ള സൊസൈറ്റിയിൽ കൊടുത്ത് പൈസ വാങ്ങി വരാൻ ഉള്ള സംവിധാനം ഉണ്ടാക്കിയിട്ടില്ല. ഇതായിരുന്നു അതിന്റെ സ്ഥിതി. ഇവർക്ക് തൊഴിലവസരങ്ങൾ ഇത്രയായിരിക്കുമെന്നും അതിനുള്ള റാ കാഷ്യു നട്ട് ഇവിടെ നിന്ന് കൊടുക്കുമെന്നും ഉള്ളതിന് ഒരു സംവിധാനം ഇല്ലാതെ ഇവർക്ക് ഇന്നലെവരെ ഉണ്ടായിരുന്ന ആനുകൂല്യങ്ങൾ എവിടെചെന്ന് വാങ്ങണം, എങ്ങനെയാണ് അത് നേടിക്കൊടുക്കുന്നതിനുള്ള സംവിധാനം എന്നു പറയാതെ അവർക്കുള്ള വെൽഫെയർ നടപടികളൊന്നും ഉറപ്പാക്കാതെ ഇതിനെ വിലയ്ക്ക് എടുക്കൽ എന്നു പറയുന്നത് തീർച്ചയായും മുതലാളിമാരെ സഹായിക്കുന്ന, അവർക്കുവേണ്ടി ഏകപക്ഷീയമായി കൊണ്ടുവന്നിട്ടുള്ള ഒരു നിയമം എന്നുള്ള നിലയിൽ ഇതിനെ പാസ്സാക്കാൻ അനുവദിക്കരുത്, ഇതിനെ പൊതുജനാഭിപ്രായം ആരായുന്നതിന് അയയ്ക്കേതീരൂ. ഈ രംഗത്ത് പ്രവർത്തിക്കുന്ന ആളുകളുടെ അഭിപ്രായം ഈ നിയമത്തിന്റെ നിലനിൽപിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമുള്ളതായതുകൊണ്ട് ഇതിനെ പൊതുജനാഭിപ്രായം ആരായുന്നതിന് വിടണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി ഭാർഗവി തങ്കപ്പൻ: കശുവണ്ടി വ്യവസായത്തെ രക്ഷിക്കാൻ വേണ്ടിയാണ് ഈ ബിൽ കൊണ്ടുവരുന്നത് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത്. അടച്ചിട്ടിരിക്കുന്ന ഫാക്ടറികളെല്ലാം ഗവൺമെന്റിന് എന്തുകൊണ്ട് ഏറ്റെടുത്തുകൂടാ? കാപ്പക്സ് സഹകരണസംഘങ്ങൾ ആരംഭിച്ചുകൊണ്ട് അഞ്ച് ഫാക്ടറികളാണ് ഏറ്റെടുത്തത്. ആ ഫാക്ടറികളുടെ സ്ഥിതി എന്താണെന്ന് നമുക്കറിയാം. ഈ ഫാക്ടറികളിൽ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയുള്ളതിൽ തൊഴിൽ വ്യവസായവകുപ്പുമന്ത്രിമാരുടെ പ്രതിനിധികളും ഉദ്യോഗസ്ഥൻമാരും ആണ്. അവരുടെ താന്തോന്നിത്തരമല്ലാതെ ആ കാപ്പെക്സിൽ വേറെ ഒന്നും നടക്കുകയില്ല. ആ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ട്രേഡ് യൂണിയൻ നേതാക്കൻമാരാരും മെമ്പർമാരായില്ല; സ്വകാര്യ ഉടമകളും നിരന്തരമായി വ്യവസായശാലകളും അടച്ചിടുമ്പോൾ ആ ഫാക്ടറിയുടെ ലൈസൻസ് റദ്ദാക്കണമെന്നാണ് നിയമം. ആ ലൈസൻസ് റദ്ദാക്കിക്കൊണ്ട് ഈ സർക്കാരിന് ആ ഫാക്ടറികളും ഏറ്റെടുക്കുകയും അത് കോർപ്പറേഷനെ ഏൽപ്പിച്ച് ആ ഫാക്ടറികളും നടത്തിക്കുകയും ചെയ്തു കൂടേ? അങ്ങനെയാണെങ്കിൽ തൊഴിലാളികൾക്ക് തൊഴിൽ കിട്ടാൻ, ആ വ്യവസായത്തെ രക്ഷിക്കാൻ കഴിയും. അത് എന്തുകൊണ്ട് ഈ ഗവൺമെന്റ് ചെയ്യുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സർക്കാർ ഭരിക്കുമ്പോൾ അവർ എന്താ ആരും ഇത് ചെയ്യുന്നില്ലാ എന്ന് പ്രതിപക്ഷത്തിരുന്നുകൊണ്ട് ചോദിച്ചവരാണ് ഇവരെല്ലാം. എന്നാൽ ഇപ്പോൾ കോൺഗ്രസ് പാർട്ടിയുടെ ആഭിമുഖ്യമുള്ള ഒരു ഗവൺമെന്റല്ലേ ഇത്? കേന്ദ്രത്തിലും കോൺഗ്രസ്സല്ലേ ഭരിക്കുന്നത്? വളരെ പെട്ടെന്ന് ഈ നടപടി എടുക്കാമല്ലോ. ദേശവൽക്കരിക്കാനും സോഷ്യലിസം നടപ്പിലാക്കാനും വേണ്ടി നടക്കുന്ന പാർട്ടികളും അല്ലെങ്കിൽ കോൺഗ്രസ് പാർട്ടി വളരെ എളുപ്പം ഈ ഫാക്ടറികളും ഏറ്റെടുക്കാൻ, ഈ വ്യവസായത്തെ നിലനിർത്താൻ, ഈ വ്യവസായത്തിൽ നിന്ന് കോടിക്കണക്കിന് രൂപ സമ്പാദിക്കാൻ കഴിയുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആ നടപടി എന്തുകൊണ്ട് ഏറ്റെടുക്കുന്നില്ല. ഇപ്പോഴും പറയുന്നത് സഹകാര്യമുതലാളിമാർക്ക് നഷ്ടപരിഹാരം കൊടുത്തുകൊണ്ട് ഫാക്ടറികളും ഏറ്റെടുക്കണമെന്നാണ്. ഞാൻ ചോദിക്കട്ടെ, ഇതിന് എവിടെ മുടക്കുമുതലാണ് ഉള്ളത്? കശുവണ്ടി ഫാക്ടറികളും തുടങ്ങാൻ യാതൊരു മുതൽമുടക്കും വേണ്ടാ. ഞങ്ങൾക്കറിയാം, കൊല്ലം ജില്ലയിൽ ചട്ടിവറുപ്പ് എന്നാണ് അവിടെയൊക്കെ പറയുന്നത്, ചട്ടിവച്ച് വറുത്തുകൊണ്ടു നടന്ന കൊച്ചുകൊച്ചു മുതലാളിമാർ ഇപ്പോൾ കോടിക്കണക്കിന് രൂപയുടെ മുതലാളിമാരാണ്. ചട്ടി വറുത്ത ഒരൊറ്റ മുതലാളിപോലും പാപ്പരായിപ്പോയി എന്ന് ഇന്നുവരെ പറഞ്ഞു കേട്ടിട്ടുണ്ടോ? കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി, കോൺഗ്രസ് പാർട്ടിയിലെ പ്രമുഖരായ ആളുകളുടെ സഹായത്തോടുകൂടി ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി ഈ സഹകാര്യ മുതലാളിമാർ മുഖേന വേണം—എസ്.ടി.സി. മുഖേനയാകരുത്—എന്ന് ശാഠ്യം പിടിച്ച്, സമ്മർദ്ദം ചെലുത്തി അങ്ങനെ തോട്ടണ്ടി അവർ മുഖേനയാണ് ഇന്ന് ഇറക്കുമതി ചെയ്യുന്നത്.

ഈ രാജ്യത്ത് ഒരു ദേശീയ മിനിമം കൂലി നടപ്പിലാക്കിയിട്ടുണ്ടോ? ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങൾ എത്രയോ വർഷങ്ങളായി ആവശ്യപ്പെടുന്ന ഒരു കാര്യമാണ് ഇത്. ഈ വ്യവസായ രംഗത്ത് ഒരു ദേശീയ മിനിമംകൂലി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിയമം പാസ്സാക്കണമെന്ന് പറഞ്ഞ് കേന്ദ്രഗവൺമെന്റിന് നിവേദനം കൊടുത്തു. കേരള സർക്കാരിന് കൊടുത്തുകൊണ്ടിരിക്കുന്നു. കേന്ദ്ര സർക്കാർ ഏടുക്കേണ്ടുന്ന ഒരു നടപടിയാണ് ഇത്. വളരെ സൗഹാർദ്ദത്തിൽ കഴിയുന്ന ഗവൺമെന്റല്ലേ, അതുകൊണ്ട് വളരെ എളുപ്പമല്ലേ ഈ സർക്കാരിന് അത് ചെയ്യാൻ. അടുത്ത കൂട്ടരാകുമ്പോൾ എത്രയും പെട്ടെന്ന് നടപടികളും സ്വീകരിപ്പിക്കാൻ കഴിയില്ലേ? എന്തുകൊണ്ടാണ് അങ്ങനെയൊരു നടപടി സ്വീകരിപ്പിക്കാൻ ഈ ഗവൺമെന്റ് സമ്മർദ്ദം ചെലുത്താത്തത്? അങ്ങനെയാണെങ്കിൽ ഇറക്കുമതി ചെയ്തുകൊണ്ടിരുന്ന തോട്ടണ്ടി അടുത്ത സംസ്ഥാനങ്ങളിലേക്ക് പോകുകയില്ല, മിനിമം കൂലി എല്ലാ സംസ്ഥാനങ്ങളിലും കൊടുക്കുന്നുണ്ട്. നിയമപ്രകാരം ക്ഷാമബത്ത കൊടുക്കുന്നുണ്ട്, എല്ലാ ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ട്. എങ്കിൽ ഒരു മുതലാളിയും തോട്ടണ്ടി സ്വന്തമായി പോയി ഇറക്കുമതി ചെയ്യാൻവേണ്ടി ലൈസൻസിനുവേണ്ടി ഓടിനടക്കുകയില്ല. അതുമാത്രമല്ല ഇറക്കുമതി ചെയ്ത തോട്ടണ്ടി അയൽ സംസ്ഥാനങ്ങളിൽ കൊണ്ടുപോയി കുറഞ്ഞ കൂലിക്ക് പണി എൽപ്പിക്കുകയുമില്ല.

സർ, കൊള്ളലാഭമെടുക്കാൻ ഈ മുതലാളിമാർ ഈ വ്യവസായത്തെ അയൽ സംസ്ഥാനങ്ങളിലേക്ക് പറിച്ചു നടുന്നു. ഇതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ? ഒരു നടപടിയും സ്വീകരിക്കുന്നില്ല. കോർപ്പറേഷൻ 34 ഫാക്ടറികളും ഏറ്റെടുത്ത് നടത്തുന്ന ഒരു പൊതുമേഖലാസ്ഥാപനമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആ പൊതുമേഖലാസ്ഥാപനത്തെ തകർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ഓരോ നടപടിയും പരിശോധിച്ചാൽ ഈ ഗവൺമെന്റ് ആ വ്യവസായത്തെ തകർക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നതെന്ന് കാണാൻ കഴിയും. കഴിഞ്ഞവർഷം ഈ കോർപ്പറേഷന് 8 കോടി രൂപ നഷ്ടമുണ്ടായി. 8 കോടി രൂപ നഷ്ടമുണ്ടായി എന്ന ഒറ്റക്കാരണത്താൽ ആ കോർപ്പറേഷനെ ഈ സർക്കാർ ഈ വർഷം സഹായിച്ചില്ല. ആ സ്ഥാപനത്തെ

LIBRARY ARCHIVES Kerala Legislative Assembly

ഈ സർക്കാർ സഹായിക്കാത്തതുകൊണ്ട് പൊതു മേഖലാസ്ഥാപനത്തിന് തോട്ടണ്ടി വാങ്ങാൻ കഴിഞ്ഞില്ല. അതിന്റെ ഫലമായി ഈ വർഷത്തിൽ 17 ദിവസം മാത്രമേ ജോലികൊടുക്കാൻ കഴിഞ്ഞുള്ളു. ആ പൊതു മേഖലാ സ്ഥാപനത്തെ തകർക്കുകയാണ്. അവർക്ക് മിനിമംകൂലി, ക്ഷാമബത്ത, മറ്റെല്ലാ ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ട്. ആ ആനുകൂല്യങ്ങളെല്ലാം കൊടുക്കുന്ന പൊതുമേഖലാ സ്ഥാപനത്തെ തകർത്തുകൊണ്ട് മുതലാളിമാരെ നിലനിർത്താൻവേണ്ടി ഈ സർക്കാർ കിണഞ്ഞു പരിശ്രമിക്കുന്നു. ഇടതുപക്ഷ മുന്നണി സർക്കാരിന്റെയും ഈ സർക്കാരിന്റെയും പ്രവർത്തനങ്ങൾ തമ്മിലുള്ള വ്യത്യാസമാണ് അത്. നമുക്കറിയാം ഈ വർഷം മുപ്പതോ നാൽപ്പതോ ദിവസങ്ങളിലാണ് അവർക്ക് ജോലി ഉള്ളത്. ഇടക്കാലാശ്വാസം കൊടുക്കുന്നുണ്ടോ? ഇടതുപക്ഷ മുന്നണി സർക്കാർ ഭരിക്കുമ്പോൾ ഇവർക്ക് ഇടക്കാലാശ്വാസം കൊടുത്തിരുന്നു. ഈ സർക്കാർ വന്നതിനുശേഷം തൊഴിൽ ഇല്ലാത്ത ദിവസങ്ങളിൽ ഇടക്കാലാശ്വാസം കൊടുത്തോ? ഒരു പൈസപോലും കൊടുത്തിട്ടില്ല. കശുവണ്ടി വ്യവസായത്തിൽ കശുവണ്ടി തല്ലുകയും പീലിങ്ങിലും മറ്റും ജോലിചെയ്യുന്ന ആളുകളെപ്പറ്റി പറഞ്ഞു. സാമൂഹ്യമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽ പെടുന്ന തൊഴിലാളികളുടെ കുടുംബങ്ങൾ കൊടും പട്ടിണിയിലാണ്. ആ തൊഴിലാളികളെ രക്ഷിക്കാൻ ഇടക്കാലാശ്വാസം പോലും കൊടുക്കാൻ ഈ സർക്കാർ തയ്യാറാകുന്നില്ല. വർഷത്തിൽ 140-ഉം 150-ഉം കോടി രൂപ വിദേശനാണയം നേടി തരുന്ന തൊഴിലാളികളെ കൊല്ലുന്ന നയമല്ലേ ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്? തൊഴിലാളികളെ ദ്രോഹിക്കുന്ന, പൊതുമേഖലയെ തകർക്കാൻ ശ്രമിക്കുന്ന ഈ സർക്കാർ, മുതലാളിമാരെ വളർന്നു വികസിക്കാനുള്ള എല്ലാ ഒത്താശകളും സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നു.

മറ്റൊരു കാര്യം കഴിഞ്ഞ ബില്ലിൽ സംസാരിച്ചതാണ്; കാഷ്യൂ കൃഷിയെപ്പറ്റി. സഖാവ് ടി.വി. തോമസ് ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന അവസരത്തിൽ ഇതിന്റെ പുനരുദ്ധാരണപദ്ധതിയുടെ ഭാഗമായി ഒരു പരിപാടിക്ക് രൂപം കൊടുത്തിരുന്നു. ഇന്ന് ഈ സർക്കാർ എവിടെയെങ്കിലും ഒരു കശുമാവ് വച്ചുപിടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? എങ്ങനെ ഈ വ്യവസായത്തെ രക്ഷിക്കാൻ കഴിയും. വിദേശരാജ്യങ്ങളിൽ നിന്ന് കൂടുതൽ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നുണ്ട്. ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി കുത്തകസംഭരണം നടത്തി ന്യായമായി ഇത് വിതരണം നടത്തി ആ വ്യവസായത്തിലെ തൊഴിലാളികൾക്ക് ന്യായമായ കൂലി കൊടുത്തുകൊണ്ട് അത് നിലനിർത്താൻ ശ്രമിക്കണം. അതിന് പകരം ആ വ്യവസായത്തെ തകർത്ത് തരിപ്പണമാക്കി മുതലാളിമാർക്ക് കൊഴുത്തുതടിക്കാൻ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നു. ഇതുപോലെയുള്ള ചെറിയ മിനുക്കുപണി നടത്തിക്കൊണ്ട് ഏത് ഭേദഗതി കൊണ്ടുവന്നാലും ഇതിനെ രക്ഷിക്കാൻ കഴിയുകയില്ല. ഇതിനെ രക്ഷിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കണം.

(അദ്ധ്യക്ഷവേദിയിൽ മി: സ്പീക്കർ)

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഇവിടെ പല പ്രാവശ്യം പറഞ്ഞ കാര്യങ്ങളാണ് പരാമർശിച്ചത്. ബഹുമാനപ്പെട്ട തങ്കരാജ് പറഞ്ഞ കാര്യത്തെ സംബന്ധിച്ചാണ് എനിക്ക് പറയു

LIBRARY ARCHIVES Kerala Legislative Assembly

വാനുള്ളത്. അദ്ദേഹം പറഞ്ഞതുകാരിരിയല്ല. ബഹുമാനപ്പെട്ട ടി.വി. തോമസ് ഈ നിയമം ഉണ്ടാക്കിയപ്പോഴത്തെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള പ്രൊവിഷൻ ഇതിലുണ്ട്. ഇത് ഏറെറടുത്തുകഴിഞ്ഞാൽ തൊഴിലാളികൾക്ക് കിട്ടേണ്ട പ്രൊവിഷനെ പറഞ്ഞിട്ടുള്ളു. അല്ലെങ്കിൽ അക്വയർ ചെയ്യുമ്പോഴും എന്തെല്ലാം അവകാശങ്ങൾ ഉണ്ടോ, അതെല്ലാം കിട്ടും. ഇതിൽ ചില പ്രൊവിഷൻസ് ഉള്ളത് അദ്ദേഹം വായിച്ചുനോക്കിയാൽ കാണാവുന്നതാണ്. തൊഴിലാളികളുടെ അവകാശങ്ങളൊന്നും എടുത്തുകളഞ്ഞിട്ടില്ല എന്നുമാത്രമല്ല, ഏറെറടുക്കുന്ന സ്ഥാപനത്തിൽ തൊഴിലാളികൾക്ക് ജോലി സ്ഥിരത കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഇത് കൊണ്ടുവന്നത്. ശ്രീമതി ഗൗരിഅമ്മ തങ്കപ്പൻ ചില നയപരമായ പ്രശ്നങ്ങളാണ് ഇവിടെ പറഞ്ഞത്.

ശ്രീമതി കെ.ആർ. ഗൗരി: സർ, ഇൻസ്റിറിറ്റ്യൂഷൻ എന്നു പറയുന്നത് എന്താണ്? .....may be entrusted to an institution for management. കോ–ഓപ്പറേറ്റീവ് സൊസൈറ്റിയും മാർക്കറ്റിങ് ഫെഡറേഷനും നമുക്ക് മനസ്സിലായി. പിന്നെ എന്ത് ഇൻസ്റിറിറ്റ്യൂഷനാണ് ടേക്കപ്പ് ചെയ്യാൻ പോകുന്നത്?

ശ്രീ. ഇ. അഹമ്മദ്: "ഇൻസ്റിറിറ്റ്യൂഷൻ അപ്രൂവ്ഡ് ബൈ ദി ഗവൺമെൻറ്" എന്നുകൂടിയുണ്ട്. ഇതിൽ പറഞ്ഞിട്ടുള്ളത് ഞാൻ പറയാം. .....workers' co-operative society and Federation or any other institution approved by the Government.....അതായത്, ഗവൺമെൻറ് അപ്രൂവ് ചെയ്ത ഇൻസ്റിറിറ്റ്യൂഷൻ എന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് മറു സംശയങ്ങൾക്കൊന്നും അവകാശമില്ല.

ശ്രീ. എസ്.ആർ. തങ്കരാജ് അവതരിപ്പിച്ച ഭേദഗതി വോട്ടിനിട്ട് സഭ തള്ളിക്കളഞ്ഞു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1984-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പരിഗണനയ്ക്ക് എടുക്കണം എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്ക് എടുത്തു.

വകുപ്പുതിരിച്ചുള്ള ചർച്ച

രണ്ടാം വകുപ്പ്

Sri K. V. Surendranath : Sir, I move my amendments :

(1) After clause (h) proposed to be inserted in Section 2 of the Principal Act by item (ii) of Clause 2 add the following item (i), namely:—

(i) "other institution" means any institution, organisation or company or a subsidiary thereof in which the Government has controlling interest or has right of management.

(2) After clause (h) proposed to be inserted in Section 2 of the Principal Act by item (ii) of clause 2 add the following item (i) namely:—

(i) "other institution" means an institution or company managed or controlled by Government or subsidiaries thereof.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇൻസ്റ്റിറ്റ്യൂഷനെപ്പറ്റി തന്നെയാണ്. കശുവണ്ടിക്ക് ഒന്നിലധികം മേഖലകളും ഇപ്പോഴും തന്നെയുണ്ട്. പൊതുമേഖലയിൽ കാഷ്യൂ കോർപ്പറേഷനും സഹകരണമേഖലയിൽ കാപ്പെക്സും ഉണ്ട്. സ്വകാര്യ ഫാക്ടറിക്ക് പുറമെ കൂടിവരുപ്പ് ഉണ്ട്. അതിനുപുറമെ ഇനി ഒരു മേഖല കൂടി സൃഷ്ടിക്കാനുള്ള ശ്രമമാണോ? മന്ത്രി ഒന്നാം വായനയിൽ സംസാരിച്ചപ്പോഴും വ്യക്തമായില്ല. അതിൽ പറയുന്നത് കോർപ്പറേഷൻ ആകാം, കാപ്പെക്സ് ആകാം, മാർക്കറ്റിങ് ഫെഡറേഷൻ ആകാം എന്നാണ്. ഇത് മൂന്നും പോരാത്ത മട്ടിൽ 'എനി അതർ ഇൻസ്റ്റിറ്റ്യൂഷനും' ആകാം. ഇപ്പോഴത്തന്നെ ധാരാളം ഘടനാപരമായ കൺഫ്യൂഷൻ ഉണ്ട്; ദ്രോഹമുണ്ട്. ഇതിനു പുറമെ കൺഫ്യൂഷൻ വഴിസ് കൺഫൗണ്ടഡ് ആകത്തക്ക വണ്ണം, ഇതിന്റെ ഉള്ളിൽ ഇരിക്കുന്നത് എന്താണെന്ന് തുറന്നു പറഞ്ഞാൽ ഞങ്ങൾക്കു മനസ്സിലാക്കാം. ചില കാർട്ടൽസും സിൻഡിക്കേറ്റ്സും ഒക്കെ ഈ വ്യവസായത്തിലുണ്ട്. പത്തമ്പത് ഫാക്ടറികളുടെ നിയന്ത്രണം വഹിക്കുന്ന ഉടമകളുണ്ട്. അഞ്ച് കൊല്ലം സർക്കാർ പണം ചെലവാക്കിയശേഷം പിന്നെ വേണമെങ്കിൽ അവരെ ഏൽപ്പിച്ചു കൊടുക്കാം. അതിന് വേണമെങ്കിൽ ഈ വകുപ്പ് ഉപയോഗിക്കാം. അതാണോ ഈ ഗവൺമെന്റ് ചെയ്യാൻ പോകുന്നത്? ഈ ഗവൺമെന്റിന്റെ പോക്ക് കണ്ടാൽ, ഈ ഗവൺമെന്റിന്റെ സംരക്ഷണത്തെ സംബന്ധിച്ചും വിതരണത്തെ സംബന്ധിച്ചുമുള്ള നിലപാട് നോക്കുകയാണെങ്കിൽ ഇത് സംഭവിച്ചുകൂടായ്കയില്ല; തികച്ചും സംഭവ്യമാണ്. ആ നിലയ്ക്ക് വ്യക്തമായ ചില പരിധിക്കുള്ളിൽ ഇത് ഒതുക്കണം. ഇൻസ്റ്റിറ്റ്യൂഷൻ എന്ന ഏർപ്പാടിനോടുള്ള വിരോധമല്ല. അതിന്റെ ഉള്ളടക്കത്തോടുള്ള വിരോധമാണ്. അതാണ് എന്റെ ഭേദഗതി. ഇതിന്റെ ക്ലാസ്സ് (2)—ൽ ഫൈറം (2) ആയിട്ട് ഇൻസർട്ട് ചെയ്യാൻ പറഞ്ഞിരിക്കുന്നത്—(i) "other institution" means definition ആണ്. Any institution, organisation or company or a subsidiary thereof in which the Government has controlling interest or has right of management. അങ്ങനെ ഇത് പരിമിതപ്പെടുത്തണമെന്നുള്ള ഉദ്ദേശം വളരെ വ്യക്തമാണ്. സ്വകാര്യവ്യക്തികളെ വളർത്താൻ ഇത് ഇടയാക്കരുത്. ഇത്രയും അധികം വിവിധ മേഖലകളുടെ ആവശ്യം വാസ്തവത്തിൽ നിർബന്ധമാണെങ്കിൽ പരിധി ഏർപ്പെടുത്തണം. അതാണ് ചുരുക്കമായി പറയാനുള്ളത്.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഇതിൽ ഒരു സംശയത്തിനോ കൺഫ്യൂഷനോ കാരണമില്ലെന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട സുരേന്ദ്രനാഥിന്റെ ഡഫനിഷനുള്ള ഭേദഗതി ക്ലാസ്സ് (8)ഉം ആയിട്ട് ബന്ധപ്പെടുത്തി വായിച്ചാൽ മാത്രമേ മനസ്സിലാകുകയുള്ളു. ക്ലാസ്സ് 8—ൽ ഉള്ള അമെൻഡിങ്ങ് പ്രൊവിഷനിലെ (എ) യിൽ പറയുന്നത് (a) direct that a cashew factory vested in them (Government) under this Act shall, instead of continuing to vest in the Government, vest in the corporation..... ഇപ്പോഴും ഗവൺമെന്റിൽ വെസ്റ്റ് ചെയ്യുന്നത്, ഗവൺമെന്റ് ഓൺഡ് കോർപ്പറേഷൻ ആയാൽ അത് തുടർച്ചയായി കോർപ്പറേഷനിൽ വെസ്റ്റ് ചെയ്യാം. രണ്ടാമത് പറയുന്നത്—(b) entrust a cashew factory....

LIBRARY ARCHIVES Kerala Legislative Assembly

vested in them, i.e., vested in the Government, under this Act to the Federation or to a workers' co-operative society or to any other institution approved by the Government.....ഇതിൽ വെസ്റ്റിങ്ങ് ഗവൺമെൻറിലാണ്.

സർ, വെസ്റ്റിംഗിനെ സംബന്ധിച്ചിടത്തോളം അഭിപ്രായ വ്യത്യാസമില്ല. ഗവൺമെൻറ് വെസ്റ്റ് ചെയ്യുന്നത് ഒന്നുകിൽ വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലോ അല്ലെങ്കിൽ മാർക്കറ്റിംഗ് ഫെഡറേഷനിലോ, ഗവൺമെൻറ് അപ്രൂവ് ചെയ്യുന്ന ഇൻസ്റ്റിറ്റ്യൂഷനിലോ, ഗവൺമെൻറ് ഇൻസ്റ്റിറ്റ്യൂഷനിലോ ആണ്. മാർക്കറ്റിംഗ് ഫെഡറേഷനെപ്പോലെ തന്നെ കൺസ്യൂമേഴ്സ് കോ—ഓപ്പറേറ്റീവ് സൊസൈറ്റിയുണ്ട്. വർക്കേഴ്സ് കോ—ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പകരം പ്രൈമറി കോ—ഓപ്പറേറ്റീവ് സൊസൈറ്റി വരാം. ചില പ്രത്യേക സാഹചര്യങ്ങളിൽ കോ—ഓപ്പറേറ്റീവ് ബാങ്ക് വരാം. ഒരു സ്വകാര്യ മുതലാളിയിൽ നിന്നു വിലയ്ക്കെടുക്കുന്ന ഫാക്ടറി മറ്റൊരു സ്വകാര്യ മുതലാളിക്ക് കൊടുക്കുന്ന പ്രശ്നമേയില്ല. കാരണം ഇതു ഏടുക്കുന്നത് സ്വകാര്യമുതലാളിമാരിൽ നിന്നാണ്. ഇതു നടത്താൻ മറ്റൊരു സ്വകാര്യ മുതലാളിക്ക് കൊടുക്കുന്നത് ഇതിന്റെ ഫണ്ടമെൻറൽ പ്രിൻസിപ്പിളിനു തന്നെ എതിരാണ്. അതുകൊണ്ടാണ് approved by the Government എന്നു പറഞ്ഞത്. വെസ്റ്റിംഗ് ഗവൺമെൻറിലാണ്. ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് അദ്ദേഹത്തിന്റെ അമൻറ്മെൻറ് പ്രകാരം Government owned Corporation എന്നാണ് പറഞ്ഞത്. കാഷ്യു ഡെവലപ്പ്മെൻറ് കോർപ്പറേഷന് ഡെഫനിഷൻ ഉണ്ട്. ആ ഡെഫനിഷൻ കുറച്ചുകൂടി പരത്തിപ്പറഞ്ഞാൽ 51 ശതമാനം for the Government owned Corporation ആണ്. അത് കോർപ്പറേഷനാണ്. നേരെമറിച്ച് മാർക്കറ്റിംഗ് ഫെഡറേഷൻ പ്രത്യേകമായി തെരഞ്ഞെടുക്കപ്പെട്ട ഒരു ബോർഡാണ്. അതു വർക്കേഴ്സ് കോ—ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഏൽപ്പിച്ചുകൊടുക്കുന്നു.

ശ്രീ. കെ.വി. സുരേന്ദ്രനാഥ്: സർ, ഈ ഇൻസ്റ്റിറ്റ്യൂഷനു് അപകടം ഒന്നും ഇല്ലെന്നു പറഞ്ഞു. ഞാൻ ഒരു ഉദാഹരണം പറയാം. കൊല്ലത്തെ കശുവണ്ടിരാജാക്കൻമാരെല്ലാം കൂടി ചേർന്നു ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം ഒരു സൊസൈറ്റി ഉണ്ടാക്കിയാൽ അതൊരു ഇൻസ്റ്റിറ്റ്യൂഷൻ ആകുമോ? ഈ ഡെഫനിഷൻ അനുസരിച്ചു ലക്ഷ്മണൻ പിള്ളയ്ക്കും ജനാർദ്ദനൻ പിള്ളയ്ക്കും ഗംഗാധരൻ പിള്ളയ്ക്കും കൂടി ഏൽപ്പിച്ചുകൊടുക്കാൻ എളുപ്പമാണ്. ഇതനുസരിച്ചു അത് സ്മൂത്തായിട്ട് ട്രാൻസ്ഫർ ചെയ്യാം. 5 കൊല്ലം അതിന്റെ മാനേജ്മെൻറ് നടത്താൻ സാദ്ധ്യമല്ലേ?

ശ്രീ. ഇ. അഹമ്മദ്: It is vesting in the Government. ഗവൺമെൻറിൽ വെസ്റ്റ് ചെയ്യുകയാണ്. ഇതിന്റെ മാനേജ്മെൻറ്, ഗവൺമെൻറിന് കൺട്രോളുള്ള സ്ഥാപനത്തിലേക്ക് മാത്രമേ മാറാവൂ എന്നാണ് നിയമത്തിൽ ഉദ്ദേശിച്ചിട്ടുള്ളത്. ഇതു അടച്ചുപൂട്ടിക്കിടന്ന ഫാക്ടറികൾ തുറക്കാൻ വേണ്ടിയാണ്.

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ: കോർപ്പറേഷൻ നിലവിലുള്ളപ്പോഴും തന്നെ കാപ്പെക്സ് എന്നു പറഞ്ഞു പുതിയ സംവിധാനം കൊണ്ടുവന്നു. ഇതു നിലവിലുള്ളപ്പോഴുംതന്നെ ഈ പറഞ്ഞ രീതിയിൽ പുതിയ ഒരു സംവിധാനം വന്നാൽ ഗവൺമെൻറിൽതന്നെ വെസ്റ്റ് ചെയ്താലും അങ്ങനെ പോകില്ലെന്നുള്ളതിന് എന്താണ് ഉറപ്പ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: അതാണ് പറഞ്ഞത് ഗവൺമെൻറിൽ വെസ്റ്റ് ചെയ്യുകയാണ്. (ബഹളം) അതു സമ്മതിച്ചു കഴിഞ്ഞാൽ അതിൻെറ മുഴുവൻ റൈറ്റും ടൈറ്റിലും പോലും മാറും. കോടതി വിധികളിൽ തന്നെ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

It has been held consistently that vesting of a property is the right to take possession of the property and deal with certain manner. അപ്പോൾ വെസ്റ്റ് ചെയ്തു കഴിഞ്ഞാൽ അതിൻെറ മുഴുവൻ റൈറ്റും ലയബിലിറ്റീസും ഗവൺമെൻറിനാണ്. (ബഹളം)

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: 5 കൊല്ലമോ 2 കൊല്ലമോ 6 മാസമോ മാനേജ് ചെയ്യാൻ ഒരു ഏജൻസിയെ ഏൽപ്പിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: വല്ല കാരണവശാലും ഏതെങ്കിലും വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നടപ്പാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഫെഡറേഷനുണ്ട്. ഫെഡറേഷനും ഇല്ലെങ്കിൽ ഗവൺമെൻറുണ്ട്. പല സൊസൈറ്റികളും ഗവൺമെൻറിൽ തന്നെയുണ്ട്. ഇല്ലെങ്കിൽ ഗവൺമെൻറിന് നിയന്ത്രണമുണ്ട്. ഒരുകാര്യം ഞാൻ ഗവൺമെൻറിനുവേണ്ടി വ്യക്തമാക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർമാർ ആഗ്രഹിക്കുന്നതു പോലെ സ്വകാര്യമുതലാളിമാർക്കോ റാക്കറ്റ് വിംഗിനോ ഒരിക്കലും ഇതു നൽകുകയില്ല. (ബഹളം)

ശ്രീ. എസ്. ആർ. തങ്കരാജ്: സെക്ഷൻ 2-ൽ ''വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മീൻസ്'' എന്നു പറഞ്ഞു അതു ഡിഫൈൻ ചെയ്യുന്നുണ്ട്. എന്നാൽ ഇൻസ്റ്റിറ്റ്യൂഷൻ എന്താണെന്നു ഒരിടത്തും ഡിഫൈൻ ചെയ്യുന്നില്ല. സെക്ഷൻ 10 (എ) യിൽ Where a cashew factory vested under this Act in the Government has been entrusted to the Federation or to any other institution approved by the Government. ഇൻസ്റ്റിറ്റ്യൂഷൻ എന്നു പറയുന്നതിൽ പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷനും പെടും. അതുകൊണ്ട് ഇതും ഡിഫൈൻ ചെയ്യണം. ഗവൺമെൻറിന് കൺട്രോൾ ഉണ്ടോ ഇല്ലയോ എന്നു ഡിഫൈൻ ചെയ്യണം

ശ്രീ. ഇ. അഹമ്മദ്: ഇൻസ്റ്റിറ്റ്യൂഷനെ ഇതിൽ ഡിഫൈൻ ചെയ്യണമെന്നു പറഞ്ഞാൽ ജനറൽ ക്ലാസ് ആക്ടിൽ പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷനെപ്പറ്റി പറഞ്ഞിട്ടില്ല. അതുകൊണ്ട് അങ്ങനെ കൊടുക്കുകയില്ല എന്നുള്ളതിന് യാതൊരു തർക്കവുമില്ല.

ശ്രീ. കെ.വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച ഒന്നാം നമ്പർ ഭേദഗതി .....

ശ്രീമതി കെ.ആർ. ഗൗരി: സർ, ഞാൻ പോയ്ക്കോട്ടെ ആവശ്യപ്പെടുന്നു. (താഴെ പറയും പ്രകാരം സഭ രണ്ടായി പിരിഞ്ഞു വോട്ടെടുപ്പു നടത്തി)

അനുകൂലിച്ചവർ—35

1. ശ്രീ. ടി.കെ. അബ്ദു
2. ശ്രീ. ടി.കെ. അറുമുഖൻ
3. ശ്രീ. ബേബി ജോൺ
4. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
5. ശ്രീമതി മോർഗ്ഗൻവി തങ്കപ്പൻ

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ. സി.കെ. ചക്രപാണി
7. ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ
8. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
9. ശ്രീ. വി.എസ്. ചന്ദ്രശേഖരൻപിള്ള
10. ശ്രീ. സിറിയക് ജോൺ
11. ശ്രീമതി പി. ദേവൂട്ടി
12. ശ്രീമതി കെ.ആർ. ഗൗരി
13. ശ്രീ. കെ.ഇ. ഇസ്മയിൽ
14. ശ്രീ. ഇ.കെ. നായനാർ
15. ശ്രീ. വി.സി. കബീർ
16. ശ്രീ. കെ.ടി. കണാരൻ
17. ശ്രീ. വി. കേശവൻ
18. ശ്രീ. സി.ടി. കൃഷ്ണൻ
19. ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ
20. ശ്രീ. ലോനപ്പൻ നമ്പാടൻ
21. ശ്രീ. സി.പി. മൂസ്സാൻകുട്ടി
22. ശ്രീ. എ.കെ. പത്മനാഭൻ
23. ശ്രീ. കെ. പങ്കജാക്ഷൻ
24. ശ്രീ. ടി.പി. പീതാംബരൻമാസ്റ്റർ
25. ശ്രീ. കെ.പി. പ്രഭാകരൻ
26. ശ്രീ. വർക്കല രാധാകൃഷ്ണൻ
27. ശ്രീ. കാനം രാജേന്ദ്രൻ
28. ശ്രീ. കെ. ശങ്കരനാരായണപിള്ള
29. ശ്രീ. എ.കെ. ശശീന്ദ്രൻ
30. ശ്രീ. കെ.വി. സുരേന്ദ്രനാഥ്
31. ശ്രീ. വി.ജെ. തങ്കപ്പൻ
32. ശ്രീ. എസ്.ആർ. തങ്കരാജ്
33. ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി)
34. ശ്രീ. ആർ.എസ്. ഉണ്ണി
35. ശ്രീ. സി. വാസുദേവമേനോൻ

പ്രതികൂലിച്ചവർ—53

1. ശ്രീ. ഇ. അഹമ്മദ്
2. ശ്രീ. സി.ടി. അഹമ്മദ് അലി
3. ശ്രീ. കെ. അവുക്കാദർകുട്ടി നഹ
4. ശ്രീ. തെന്നല ജി. ബാലകൃഷ്ണപിള്ള
5. ശ്രീ. പി.കെ.കെ. ബാവ
6. ശ്രീ. പി. ഭാസ്കരൻ
7. ശ്രീ. വി. ദിനകരൻ
8. ശ്രീ. എ. ജോർജ്ജ്
9. ശ്രീ. പി.സി. ജോർജ്ജ്
10. ശ്രീ. എം.എം. ഹസ്സൻ
11. ശ്രീ. എ.എൽ. ജേക്കബ്
12. ശ്രീ. സി.ജി. jനാർദ്ദനൻ
13. ശ്രീ. റവ.എസ്. ജോൺ
14. ശ്രീ. എ.സി. ജോസ്
15. ഡോക്ടർ കെ.സി. ജോസഫ്

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. കെ.സി. ജോസഫ്
17. ശ്രീ. വി.വി. ജോസഫ്
18. ശ്രീ. കെ.കെ. നായർ
19. ശ്രീ. ജി. കാർത്തികേയൻ
20. ശ്രീ. കെ. കരുണാകരൻ
21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മണിമംഗലത്തു കുട്ട്യാലി
23. ശ്രീ. കെ.പി.എ. മജീദ്
24. ശ്രീ. എം.വി. മാണി
25. ശ്രീ. പി.എ. മുഹമ്മദ്കണ്ണ്
26. ശ്രീ. ടി.എച്ച്. മുസ്തഫ
27. ശ്രീ. കെ.എസ്. നാരായണൻ നമ്പൂതിരി
28. ശ്രീ. കെ.പി. നൂറുദ്ദീൻ
29. ശ്രീ. സി.വി. പത്മരാജൻ
30. ശ്രീ. തച്ചടി പ്രഭാകരൻ
31. ശ്രീ. കെ. രാഘവൻമാസ്റ്റർ
32. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
33. ശ്രീ. കെ.പി. രാമചന്ദ്രൻനായർ
34. ശ്രീ. എസ്. രാമചന്ദ്രൻപിള്ള
35. ശ്രീ. രമേശ് ചെന്നിത്തല
36. ശ്രീ. തോപ്പിൽ രവി
37. ശ്രീ. വയലാർ രവി
38. ശ്രീ. പി. സീതിഹാജി
39. ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ
40. ശ്രീ. കടവൂർ ശിവദാസൻ
41. ശ്രീ. നാലകത്തു സൂപ്പി
42. ശ്രീ. എൻ. ശ്രീനിവാസൻ
43. ശ്രീ. സി.എം. സുന്ദരം
44. ശ്രീ. എൻ. സുന്ദരൻനാടാർ
45. ശ്രീ. വി. സുരേന്ദ്രൻപിള്ള
46. ശ്രീ. പി.പി. തങ്കച്ചൻ
47. ശ്രീ. കെ.കെ. തോമസ്
48. ശ്രീ. പി.സി. തോമസ് (തിരുവല്ല)
49. ശ്രീ. തോമസ് കല്ലംപള്ളി
50. ശ്രീ. പി.കെ. വേലായുധൻ
51. ശ്രീ. റ്റി.വി. വിജയരാജൻ
52. ശ്രീ. പി.എം. അബുബേക്കർ
53. ശ്രീ. കെ.പി. രാമൻ

നിഷ്പക്ഷർ–ആരുമില്ല.

അനുകൂലിച്ചവർ–35

പ്രതികൂലിച്ചവർ–53

നിഷ്പക്ഷത പാലിച്ചവർ–ആരുമില്ല

ഭേദഗതി സഭ നിരാകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

ശ്രീ. കെ.വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച 2–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു പാസ്സാക്കി.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

മൂന്നാം വകുപ്പ്

Shri Kanam Rajendran: Sir, I move my amendments:

(1) In sub-section (1) (b) of Section 8 of the Principal Act, proposed to be amended by clause 3, insert the words "other than a private institution" after the words "any other institution".

1 P.M.]

(2) To sub-section (1) (b) of Section 8, proposed to be amended by clause 3 of the Principal Act, add the following provisos, namely:—

"Provided that if the management of the factory is intended to be entrusted to any institution, other than the federation or a workers' co-operative society, the order in this behalf shall be issued only for a period of one year at a time".

Provided further that before issuing such an order, the federation or the workers' co-operative society if any, shall be consulted and if the Federation or the workers' co-operative society is willing to take up the management such an order shall not be issued or renewed as the case may be.

ഇവിടെ രണ്ടാം ക്ലാസിൽ പറഞ്ഞിട്ടുള്ളത് ഇൻസ്റ്റിറ്റ്യൂഷനെ സംബന്ധിച്ചുള്ള പ്രശ്നമാണ്. entrust a cashew factory vested in them under this Act to the Federation or to a workers' co-operative society or to any other institution approved by the Government എന്നു പറയുന്നതിൽ Any other institution എന്നതിന് വ്യക്തതയില്ലാത്തതുകൊണ്ടും ഇൻസ്റ്റിറ്റ്യൂഷൻ എന്താണെന്നുള്ളത് ഡിഫൈൻ ചെയ്തിട്ടില്ലായെന്നുള്ളതുകൊണ്ടുമാണ്. Any other institution എന്നു പറയുന്നതിനോടൊപ്പംതന്നെ other than a private institution എന്ന ഭേദഗതിയാണ് ഞാൻ മൂവു ചെയ്യുന്നത്. Other than a private institution എന്നു പറയാൻ കാരണം ഇന്നിപ്പോഴും ഫെഡറേഷനും വർക്കേഴ്സ് കോ—ഓപ്പറേറ്റീവിനും പുറമേ ഗവൺമെന്റു അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ഒരു സ്ഥാപനം എന്നു പറഞ്ഞാൽ അതു വളരെ വിപുലമായ ഒരു നിർവ്വചനത്തിൽപ്പെട്ടതാകുന്നു. സ്വകാര്യ മുതലാളിമാരോ മറ്റ് ഏതെങ്കിലും ആളുകളോ ഒരു ഇൻസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കിക്കഴിഞ്ഞാൽ അവരുടെ കൈകളിലേക്ക് ഇതിന്റെ മാനേജുമെന്റു വിട്ടുകൊടുക്കാനുള്ള ഒരു സാഹചര്യമുണ്ടാകും. ഈ നിയമത്തിന്റെ ഉദ്ദേശം എന്താണോ ആ ഉദ്ദേശം പരാജയപ്പെടുന്ന സാഹചര്യമാണുള്ളത് എന്നതുകൊണ്ട് ഒരു private institution അല്ലാതെ മറ്റ് ഏതെങ്കിലും ഇൻസ്റ്റിറ്റ്യൂഷൻ എന്നുള്ള നിലയിൽ അതിനു ഭേദഗതി വരുത്തണമെന്നുള്ളതാണ് എന്റെ ഒന്നാമത്തെ ഭേദഗതി.

8—ാം നമ്പർ ഭേദഗതിയെ സംബന്ധിച്ചിടത്തോളം ഈ ക്ലാസിനു provisos add ചെയ്യണമെന്നുള്ളതാണ്. ഇതു മാനേജുമെന്റിനേയോ മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും ഇൻസ്റ്റിറ്റ്യൂഷനേയോ ഏല്പിച്ചുകഴിഞ്ഞാൽ അതു എങ്ങനെവേണം എന്നതിനെ സംബന്ധിച്ച് വ്യക്തമായ നിബന്ധനകളും ഇല്ല. അങ്ങനെ ഏൽപ്പിക്കുന്നതിനുമുമ്പുതന്നെ ഫെഡറേഷനും കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ആലോചിച്ചു കഴിഞ്ഞതിനു ശേഷം അവർക്ക് ആവശ്യമില്ലായെന്നു തോന്നിയാൽ മാത്രമേ, മന്ത്രി ഇവിടെ പറഞ്ഞതുപോലെ, മാറ്റ് ഏതെങ്കിലും സൊസൈറ്റിയുണ്ടാക്കുകയും, പ്രാഥമിക സംഘങ്ങളും ആണെങ്കിൽ തന്നെയും ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഏജൻസിയെന്നുള്ളത് ഫെഡറേഷനും, കോർപ്പറേഷനും, കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായിരിക്കും. അതല്ലാതെ സ്വകാര്യ ഏജൻസിയുംപ്പെടെ നിരവധി ഏജൻസികളും ഈ മേഖലയിലേക്കുവരുന്നതു പാടില്ലായെന്നുള്ളതുകൊണ്ടാണ് ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

3-ാം വകുപ്പു ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

നാലാം വകുപ്പ്

Shri V. J. Thankappan: Sir, I move that In Section 10A proposed to be inserted in the Principal Act, by clause 4, delete sub-clause (6).

സർ, ഈ ബില്ലിലെ 10 (എ) കൂടുതലായി എഴുതിച്ചേർത്ത ഒരു വകുപ്പാണ്. അതിൽ ഗവൺമെന്റ് ടേക്ക് ഓവർ ചെയ്തു മറ്റൊരു സൊസൈറ്റിയേയോ വേറെ ഏതെങ്കിലും ഏജൻസിയേയോ ഏൽപ്പിക്കുന്ന ആ ദിവസംവരെ ആ ഫാക്ടറികളിൽ പണിയെടുത്തുകൊണ്ടിരുന്ന തൊഴിലാളികളുടേയും മറ്റു ജീവനക്കാരുടേയും അവകാശങ്ങളെ സംബന്ധിച്ച് ഒന്നും പറയുന്നില്ല. അതുപോലെതന്നെ പുതിയതായി സൊസൈറ്റിയിൽ മെമ്പർഷിപ്പ് എടുത്താൽ അവർക്കുണ്ടാകാവുന്ന അവകാശങ്ങളെ സംബന്ധിച്ചോ ഒന്നും പറയുന്നില്ല. ഇൻസ്റ്റിറ്റ്യൂഷനിലോ സൊസൈറ്റിയിലോ മെമ്പർഷിപ്പെടുത്തു സൊസൈറ്റിയുടെ തൊഴിലാളിയായതിനുശേഷം ആ സൊസൈറ്റിക്കോ ഇൻസ്റ്റിറ്റ്യൂഷനോ ഇഷ്ടംപോലെ സേവനവേതന വ്യവസ്ഥകളിൽ മാറ്റം വരുത്താനുള്ള ഒരു വകുപ്പാണ് 10 (എ)-യിൽ ആറുവരെയുള്ള ഭാഗത്തു അടങ്ങിയിരിക്കുന്നത്. 10 (എ)-ൽ ഒന്നുമുതൽ അഞ്ചുവരെ മുഴുവനായി മാറണമെന്നാണ് എന്റെ അഭിപ്രായം. പക്ഷേ എഴുതി തരാത്തതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. എന്നാൽ 10 (എ)-ൽ 6-ാം വകുപ്പു പൂർണ്ണമായും എടുത്തുമാറ്റണമെന്നുള്ളതാണ് എന്റെ അഭിപ്രായം. അതിൽ പറയുന്നത് Notwithstanding anything contained in the Industrial Disputes Act, 1947 (Central Act 14 of 1947), or in any other law for the time being in force, any person whose service becomes terminated or whose terms and conditions of employment have been altered in pursuance of the provisions of this section, shall not be entitled to any compensation under this Act or under any other law for the time being in force and no such claim shall be entertained by any court, tribunal or other authority.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ഗവൺമെന്റിനും തൊഴിലാളികളോടുള്ള സമീപനത്തെ വ്യക്തമായി വിളിച്ചോതുന്നതാണ് വകുപ്പ് (6). ഈ വകുപ്പിൽ തൊഴിലാളികളെ പുതിയതായി എന്നെടുക്കപ്പെടുന്ന സൊസൈറ്റിയുടെ എംപ്ലോയിയോ ജീവനക്കാരനോ ആയി മാറിയതിനുശേഷം ഗ്രാറ്റുവിറ്റി, ശമ്പളം ഇവ സംബന്ധിച്ച് എന്തെങ്കിലും ക്ലെയിമുണ്ടെങ്കിൽ ആ ക്ലെയിം ഒരു കാരണവശാലും ക്ലെയിം ചെയ്യാൻ പാടില്ലായെന്നാണ്. അഥവാ ക്ലെയിം ചെയ്യുണ്ടെങ്കിൽ എന്തെങ്കിലും ട്രൈബ്യൂണലിനേയോ കോർട്ടിനേയോ സമീപിക്കാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിൽ എന്തുതന്നെ പറഞ്ഞിരുന്നാലും അതിനെ മുഴുവനായി നിഷേധിക്കുന്ന ഒരു വകുപ്പാണ് 10 (എ) യുടെ ഉപവകുപ്പ് (6).

ഉപവകുപ്പ് 5, 4 ഇവ പരിശോധിച്ചാൽ ഗവൺമെന്റ് ടേക്ക് ഓവർ ചെയ്തതിനുശേഷമുള്ള ആ തൊഴിലാളികളുടെ മുഴുവൻ അവകാശങ്ങളും ആ സൊസൈറ്റിക്കോ ആ പർട്ടിക്കുലർ ഇൻസ്റ്റിറ്റ്യൂഷനോ മാറാനോ മറിക്കാനോ എന്തിനു വേണ്ടെങ്കിലും പൂർണ്ണമായ അവകാശം നൽകികൊണ്ടുള്ളതാണ്. അതുകൊണ്ട് തൊഴിലാളികളുടേയും ജീവനക്കാരുടേയും അവകാശങ്ങളെ ക്ലെയിം ചെയ്തു നേടിയെടുക്കാനുള്ള അവകാശം നിഷേധിക്കുന്ന ഈ വകുപ്പു പൂർണ്ണമായും എടുത്തുമാറ്റണം. അതിനു ബഹുമാനപ്പെട്ട മന്ത്രി എന്തെങ്കിലും സാങ്കേതികമായ കാരണം പറഞ്ഞു ഒഴിയരുത് എന്നുള്ളതാണ് എന്റെ അഭിപ്രായം. അഥവാ സാങ്കേതികത്വമുണ്ടെങ്കിൽ ആ സാങ്കേതികത്വം മാറ്റി ഈ ജീവനക്കാരുടെ അവകാശം സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗം കണ്ടുപിടിക്കണം.

10 (എ) ഉപവകുപ്പ് 1-ലും 2-ലും പറയുന്നത്..... .....the Government and continue to do so unless and until his employment in such cashew factory is duly terminated or until his remuneration, terms and conditions of employment are duly altered, by the Federation.... എന്നാണ്. ഫെഡറേഷനോ കോർപ്പറേഷനോ എന്തും മാറാനുള്ള അവകാശം കൊടുക്കുന്നു ഈ ബിൽ. 10 (എ) യുടെ ഒന്നുമുതൽ ആറുവരെയുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് നിർദ്ദേശിക്കുവാനുള്ളത് തൊഴിലാളികൾക്കുവേണ്ടി ടേക്ക് ഓവർ ചെയ്യുന്നതുകൊള്ളാം. കശുവണ്ടിത്തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുന്നതിനാണ്. ഉദ്ദേശശുദ്ധിയെ ആരും ചോദ്യം ചെയ്യുന്നില്ല. പക്ഷേ ഒരു പർട്ടിക്കുലർ കാര്യത്തിൽ തൊഴിലാളികളുടെ അവകാശങ്ങളെ സംബന്ധിച്ച് ഒരു കോടതിയും ചോദ്യം ചെയ്യാൻ പാടില്ലായെന്ന് കർട്ടയിൽ ചെയ്യുന്ന ഈ ഉപവകുപ്പിനെ സംബന്ധിച്ചിടത്തോളം ശക്തമായ എതിർപ്പുണ്ട്. അതുകൊണ്ട് അതിനു മാറ്റം വരുത്തണമെന്നു പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

Mr. Speaker: The member need not move the amendment, but he can speak.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: സർ, ഈ വകുപ്പിനോടുള്ള എതിർപ്പാണ് ഞാൻ ഭേഗതിയായിട്ട് കൊടുത്തിരിക്കുന്നത്. ഗവൺമെന്റിന്റെ ആശയക്കുഴപ്പംതന്നെയാണ് ഇതിനകത്തുള്ളത്. കാഷ്യു ഡെവലപ്പുമെന്റു കോർപ്പറേഷനാണ് ഗവൺമെന്റ് ഏറ്റെടുക്കുന്ന എല്ലാ സ്ഥാപനങ്ങളും വെസ്റ്റ് ചെയ്യുന്നത്. അവർ നടത്തുന്നുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കൂടെ ഫാക്ടറികളും. അങ്ങനെ അവരെ ഏൽപ്പിച്ചുകൊടുത്ത ഫാക്ടറികളും നടത്തുന്നതിൽ ഒരു വീഴ്ച കണ്ടിട്ടുമില്ല. അവർക്ക് സാമാന്യം ബോദ്ധ്യമായിട്ട് ഇതുവരെ നടത്താൻ കഴിഞ്ഞിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അങ്ങനെയാണെങ്കിൽ ഇവിടെ പുതിയ പുതിയ സ്ഥാപനങ്ങളും മേഖലകളുമുണ്ടാക്കി മന്ത്രിപ്പെ ചെയ്തു ഓരോ രംഗത്തും പരസ്പരം ബന്ധമില്ലാതെ പ്രവർത്തിക്കുന്ന ഒരുപിടി സ്ഥാപനങ്ങളും എന്തിനാണ്?

സർ, കാഷ്യു മാർക്കറ്റിങ്ങ് ഫെഡറേഷൻ കാഷ്യു എടുത്ത് ഫാക്ടറികളും വർക്കു ചെയ്യുന്നുണ്ട്. സൊസൈറ്റികളും എടുത്ത് കാപ്പക്സ് പോലുള്ളവകൊണ്ടും വർക്കു ചെയ്യുന്നുണ്ട്. സഹകാര്യമേഖലയുണ്ട്, കുടിവറുപ്പുണ്ട്; ഇനി പുതിയ ഇൻസ്റ്റിറ്റ്യൂഷനെടുത്ത് അവരെ ഏൽപ്പിക്കാൻ പോകുന്നു. ഇങ്ങനെ ഓരോ രംഗത്ത് അഞ്ചാറു തരത്തിൽ ഈ സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിന് അംഗീകരിക്കുന്ന ഒരു നിയമമാണ് ഇത്. അതുകൊണ്ട് ഈ ഭേദഗതിയാകെ എടുത്തുകളയണം. ഈ ഭേദഗതികളും ആവശ്യമില്ലാത്തതാണ്. ഗവൺമെൻറിൽ വെസ്റ്റ് ചെയ്യുന്ന എല്ലാ ഫാക്ടറികളും ഇപ്പോൾ നടക്കുന്നതുപോലെ കാഷ്യു കോർപ്പറേഷൻ നേരിട്ടു നടത്തണമെന്നാണ് എൻറെ അഭിപ്രായം. അല്ലാതെ ഒരു ആശയക്കുഴപ്പം ഇതിനകത്ത് ഉണ്ടാക്കാൻ പാടില്ല. ഇങ്ങനെ ഉണ്ടാകുന്നത് തൊഴിലാളികളുടെ മൊത്തത്തിലുള്ള താൽപ്പര്യങ്ങൾക്ക് ദോഷകരമാണെന്നുള്ളതു തന്നെയാണ് മറൊരു കാര്യം. 10(എ) യെ തുടർന്നുള്ള മൂന്നാമത്തെ ഉപവകുപ്പിൽ പറയുന്നത്,

"(3) Every person who is eligible for employment under sub-section (2) in a cashew factory vested under this Act in the Government and is entrusted to a worker's co-operative society for management, shall become, on and from the date on which the cashew factory is so entrusted to the society for management or the date on which he becomes a member of such society, whichever is later, an employ of the society and shall, hold office or service in the cashew factory, on such remuneration, terms and conditions of employment as may be determined by the society" എന്നാണ്. ഇതിനകത്ത് തൊഴിൽ കിട്ടുന്നതിനു മുമ്പുണ്ടായിരുന്ന സ്ഥാപനത്തിലെ ജോലിക്കാർ ഉണ്ട്. അവിടെ ദീർഘകാലമായുള്ള ചർച്ചയുടെയും തീരുമാനത്തിൻറെയും ഫലമായും യൂണിയനുകളും ഗവൺമെൻറുമായിട്ടുള്ള കൂടിയാലോചനകളും വഴിയുള്ള തീരുമാനങ്ങളും അനുസരിച്ച് നിയമപ്രാബല്യമുള്ള എഗ്രിമെൻറ് ഉണ്ട്. ആ എഗ്രിമെൻറ് പ്രകാരം അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന കൂലി കുറവുചെയ്തുകൊണ്ട് ഈ സൊസൈറ്റികളും തീരുമാനമെടുക്കാൻ അനുവദിക്കുന്ന ഒരു വ്യവസ്ഥയാണ് ഇവിടെയുള്ളത്. ആ വ്യവസായത്തിൽ മിനിമം വേജസ് ഉണ്ട്, അത് ഇൻഡസ്ട്രിയൽ വൈസായിട്ടുള്ള വേജസ് ആണ്. ഇൻഡസ്ട്രി മുഴുവൻ വ്യാപകമായ മിനിമം വേജസ്പോലും കൊടുക്കുന്നതിന് വിരുദ്ധമായി അത് കുറവു ചെയ്യാനുള്ള അധികാരം ഈ ബില്ലിനകത്ത് കൊടുക്കുന്നത് ഒരിക്കലും അംഗീകരിക്കാൻ പാടില്ല. ഇവിടെ കശുവണ്ടി വ്യവസായത്തിൻറെ ചർച്ച വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി തന്നെ കോൺഫറൻസിൽ മിനിമം വേജസ് കൊടുത്തുകൊണ്ട് വ്യവസായം നടത്താൻ കഴിയില്ലാ, അതുകൊണ്ട് അത് കുറയ്ക്കാൻ തയ്യാറാകണമെന്ന് നേരിട്ട് ആവശ്യപ്പെട്ട കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. ഈ വ്യവസായത്തിൽ മിനിമം വേജസ് കൊടുക്കുന്നതിൻറെ ആവശ്യമില്ലാ

LIBRARY ARCHIVES Kerala Legislative Assembly

യെന്ന് വിശ്വസിക്കുന്ന ഒരു മന്ത്രിയുള്ള ഒരു ഗവൺമെൻറാണ്. ഇത്തരമൊരു തീരുമാനം എഴുതിവച്ചാൽ സൊസൈറ്റികളിൽ മിനിമം വേജസ് ഒരിക്കലും കിട്ടില്ല. കൂലി കുറയ്ക്കും. സൊസൈറ്റികളിൽ കൂലി കൊടുക്കുന്നില്ലെങ്കിൽ മറ്റ് സ്വകാര്യസ്ഥാപനങ്ങളിൽ കൂലി കുറയും. മിനിമം വേജസിനു പ്രക്ഷോഭണങ്ങളും സമരങ്ങളും ഉണ്ടാകും. ചുരുക്കത്തിൽ ദീർഘമായ സമരത്തിൽക്കൂടി ആ തൊഴിലാളികൾ നേടിയെടുത്ത മിനിമം വേജസിനും ആനുകൂല്യങ്ങൾക്കും നാശം വരുത്തുന്ന ഇത്തരം ഒരു ഭേദഗതി അനാവശ്യമാണ്. അതുകൊണ്ട് ഞാനിതിനെ എതിർക്കുകയാണ്. മറെറാരു കാര്യം ആറാമത്തെ പോയിൻറിൽ പറയുന്നത്, Notwithstanding anything contained in the Industrial Disputes Act, 1947 (Central Act 14 of 1947)..... നിയമത്തിൽ എന്തുണ്ടെങ്കിലും ശരി, അവരെ പിരിച്ചുവിട്ടാൽ നഷ്ടപരിഹാരമോ, കൂലി കുറച്ചത് തിരിച്ചു കിട്ടാനോ ഉള്ള നിയമങ്ങൾ നിയമപ്രകാരം നടപ്പിലാക്കാനും അതിന് ആവശ്യപ്പെടാനും വേണ്ടി കോടതിയിൽ പോകാനുള്ള അവകാശങ്ങൾ നിഷേധിക്കുകയാണ്. ഇത് അവരെ മാത്രമല്ല, വേറെ പല സ്ഥാപനങ്ങളിലും നിയമപ്രകാരം അവരുടെ അവകാശങ്ങൾ എടുത്തുകളയുന്ന ഈ നടപടി ഈ ഭേദഗതി നിയമത്തിന് വിരുദ്ധമാണ്. ഇത് രണ്ടും അതുകൊണ്ട് എടുത്തുകളയണമെന്നാണ് എൻെറ അഭിപ്രായം.

ശ്രീ. കെ.വി. സുരേന്ദ്രനാഥ്: സർ, ക്ലാസ് 4—ലെ ആറാമത് സബ് ക്ലാസ് എടുത്തുകളയണമെന്നാണ് എനിക്ക് പറയാനുള്ളത്. അത് വളരെ അടിസ്ഥാന പ്രശ്നങ്ങൾ ഉന്നയിച്ചതാണ്. അതിൻെറ രത്നച്ചുരുക്കം, ഈ രാജ്യത്ത് 1947—ൽ ബ്രിട്ടീഷ് ഭരണകാലത്തിനുശേഷം ഇതുവരെയുള്ള തൊഴിൽ തർക്കങ്ങളുടെ സെറ്റിൽമെൻറിൽക്കൂടിയും കോടതി വിധികളിൽക്കൂടിയും നിലവിലുള്ളതും ആ അടിസ്ഥാന അവകാശങ്ങളിൽ ഒന്നാണ് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് പ്രകാരം ജോലി നഷ്ടപ്പെടുകയോ, ടെർമിനേറ്റു ചെയ്യുകയോ ഭേദഗതി വരികയോ ചെയ്താൽ അതിന് തൊഴിലുടമ നഷ്ടപരിഹാരം കൊടുക്കണമെന്നുള്ള അവകാശം നിഷേധിക്കുന്നതിനുള്ള ഒരു സബ്ക്ലാസാണ് ഇവിടെ എഴുതിച്ചേർത്തിരിക്കുന്നത്. ഇത് വാസ്തവത്തിൽ ഇന്നത്തെ കാലഘട്ടത്തിൽ നമുക്ക് യോജിച്ചതല്ല. വളരെ ഗർഹണീയമായ ഒരു ആശയമാണ്. അതുകൊണ്ട് അതു യാതൊരു കാരണവശാലും അനുകൂലിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് അതെടുത്തു കളയണം. എടുത്തു കളഞ്ഞാൽ എന്താണെന്നുള്ള ചോദ്യം വരും. എടുത്തുകളഞ്ഞാൽ തൊഴിലാളികളുടെ കൂട്ടായ വിലപേശൽ ശക്തി (ബാർഗെയിനിങ് കപ്പാസിറ്റി) ഉപയോഗിച്ച് ഉഭയകക്ഷികളുടെ സമ്മതപ്രകാരം ഉള്ള ഒരു സെറ്റിൽമെൻറ് നേടിയെടുക്കാനുള്ള ഒരു പ്രോസസ് ആയിരിക്കും നടക്കുക. അതുകൊണ്ട് യാതൊരു അപകടവും ഈ രാജ്യത്തിന് ഉണ്ടാകില്ല, വ്യവസായത്തിനും വരില്ല, മന്ത്രിസഭയ്ക്കും വരില്ല, ഈ മന്ത്രിക്കും വരില്ല. ഒരു കുഴപ്പവും ഇതുകൊണ്ടുണ്ടാകില്ല. അതിനുവേണ്ടി ഈ ക്ലാസ് എടുത്തുകളയണം.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഈ ഭേദഗതി സ്വീകരിക്കാൻ സാദ്ധ്യമല്ല. അതിൽ ഞാൻ ഖേദിക്കുന്നു. ബഹുമാനപ്പെട്ട പീതാംബരൻമാസ്റ്റർ പറഞ്ഞതുപോലെ, ഇവിടെ മിനിമം വേജസ് കൊടുക്കേണ്ടായെന്ന് ഞാൻ പറഞ്ഞില്ല. കൊടുക്കരുത് എന്നു ഞാൻ പറഞ്ഞിട്ടില്ല. ശ്രീ. പീതാംബരൻ മാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

ഇന്നയിച്ചത് തന്നെ പുതുതായി ഏറ്റെടുക്കുന്ന ഫാക്ടറിയിലെ തൊഴിലാളികൾക്ക് ജോലി സ്ഥിരത നൽകണമെന്നാണ്. തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കാനുള്ള വകുപ്പ് (എ) വകുപ്പിനെക്കുറിച്ച് ആണ് അദ്ദേഹം ഇവിടെ പറഞ്ഞത്. അദ്ദേഹം നോട്ടീസ് കൊടുത്ത 10 (എ) യിൽ പറയുന്നത്,..... "every person who is a workman within the meaning of the Industrial Disputes Act, 1947 (Central Act 14 of 1947), and has been immediately before the appointed day in the employment of the cashew factory shall become, on and from the date on which the cashew factory is so entrusted for management, an employee of the Federation or, as the case may be, of the institution and shall hold office or service in the cashew factory on the same terms and conditions with the same rights as to pension, gratuity and other matters as would have been admissible to him if such cashew factory had not been transferred to, and vested in, the Government and continue to do so unless and until his employment in such cashew factory is duly terminated or until his remuneration, terms and conditions of employment are duly altered, by the Federation or the Institution, as the case may be" എന്നാണ്. പഴയ ഫാക്ടറികളിലുള്ള തൊഴിലാളികൾക്ക് അതേ അവകാശങ്ങളും അതേ സർവ്വീസുകളും അതേ ഗ്രാറ്റുവിറ്റിയും അതേ പെൻഷനുമെല്ലാം നൽകുന്ന ആ വകുപ്പ് ഏതായാലും എടുത്തു കളയണമെന്നുള്ള ആ അമെൻറ്മെൻറ് മൂവ് ചെയ്തിട്ടില്ലായെങ്കിൽ എനിക്ക് സന്തോഷമുണ്ട്. ഇന്ന് ബഹുമാനപ്പെട്ട വി. ജെ. തങ്കപ്പനും ബഹുമാനപ്പെട്ട കെ.വി. സുരേന്ദ്രനാഥും ഇവിടെ ഉന്നയിച്ച കാര്യത്തിൽ ആശങ്കയ്ക്ക് കാരണമില്ല. സബ് ക്ലോസുകളിൽ അത് വ്യക്തമായി പറഞ്ഞിട്ടുണ്ട്. സബ് ക്ലാസ് അഞ്ചിൽ പറഞ്ഞിരിക്കുന്നത്, ഇങ്ങനെയാണ്. "Where the management of a cashew factory vested under this Act in the Government is entrusted to the Federation or to a workers' co-operative society or to any other institution for management under sub-section (1) of sectin 8, any person whose service becomes terminated or who becomes an employee of the Federation or the society or the institution by reason of the provisions of this section, is entitled to any payment by way of gratuity or retirement benefits or for any leave not availed of, or any other benefits, prior to the appointed day, such person may enforce his claim against the occupier of the cashew factory immediately before the appointed day but not against the Government or the Federation or the society or the institution".

ഇത് ഏറ്റെടുക്കുന്നതിനു മുമ്പ് എന്തെല്ലാം അവകാശങ്ങൾ ലഭിക്കാനുണ്ടോ, എന്തെല്ലാം കോമ്പൻസേഷൻ കിട്ടാനുണ്ടോ, അത് കൊടുക്കാനുള്ള ബാദ്ധ്യത പുതിയ മാനേജ്മെൻറിന് കൊടുക്കുന്നില്ല. ഇതൊരു പ്രൊട്ടക്ടീവ് പ്രൊവിഷനാണ്. അടുത്ത കാലത്ത് ഇൻഡ്യാ ഗവൺമെൻറ് വെസ്റ്റ് ബംഗാളിലെ എസ്റ്റേറ്റുകൾ ഏറ്റെടുത്ത നിയമത്തിലും ഈ വകുപ്പുണ്ട്. മാനേജ്മെൻറ് ഏറ്റെടുത്തു കഴിഞ്ഞാൽ അതിൻെറ ഫലമായി തൊഴിലാളികൾക്ക് മുഴുവനും, അവരുടെ സർവ്വീസ്, അവരുടെ ശമ്പളം, അവരുടെ ഗ്രാറ്റുവിറ്റി ഇതെല്ലാം 10 (എ) യും തുടർന്നുള്ള 2, 3, 4, 5 ഉപ വകുപ്പുകളും പ്രകാരവും പ്രൊട്ടക്ട് ചെയ്തിട്ടുണ്ട്. ഇതിനു പുറമെ ഏറ്റെടുത്തു കഴിഞ്ഞാൽ ഉണ്ടായേക്കാവുന്ന

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനത്തിൽ പുതുതായി ഏറെടുത്ത മാനേജ്മെൻറിന് പ്രൊട്ടക്ഷനാണ്. ഈ പ്രൊട്ടക്ഷൻ ഇത് മാറോണ്ടയോവശ്യമില്ലായെന്നാണ് എന്റെ അഭിപ്രായം. എന്നാൽ ഗവൺമെന്റിൽ ഇതിനെ സംബന്ധിച്ച് പരിശോധിച്ച് നോക്കുന്നതിൽ വിരോധമില്ല. ഇന്ന് ഈ നിലയിൽത്തന്നെ ഇത് നിൽക്കട്ടെ. കാരണം, പ്രൊട്ടക്ടീവ് ക്ലാസ് എന്ന പേരിൽ മറെറാന്നില്ല.

ശ്രീ. ആർ.എസ്. ഉണ്ണി: ഒരു മാനേജ്മെൻറ് മാറി. ഉടമസ്ഥർ മാറും, അങ്ങനെ മാറിയ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന ഒതാഴിലാളികൾക്ക് അവരുടെ സേവന വ്യവസ്ഥകളിൽ ദോഷം വരത്തക്ക മാറങ്ങളം പാടില്ലായെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവരുടെ സേവന വ്യവസ്ഥകളിൽ മാറം വരുത്താൻ മാനേജ്മെൻറിന് അധികാരമുണ്ട് എന്നൊരു പ്രൊവിഷൻ സബ്ക്ലാസ് 3—ൽ വയ്ക്കണം.

ശ്രീ. ഇ. അഹമ്മദ്: ഇതിൽ അവരുടെ എല്ലാ അവകാശങ്ങളും സംരക്ഷിക്കുന്ന വകുപ്പുകളുണ്ട്. എന്നിട്ട് അത് ഏറെടുത്ത് കഴിഞ്ഞശേഷം പുതിയ മാനേജ്മെൻറിന് പ്രൊട്ടക്ഷൻ കൊടുക്കാനുള്ള പ്രൊവിഷൻ മാത്രമായതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. വി.ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

5—ാം വകുപ്പ്

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: സർ, ഈ വകുപ്പിൽ തൊഴിലാളികൾക്കു വേണ്ടിയുള്ള വകുപ്പ് എടുത്തു കളയണമെന്നാണ് ഞാൻ പറയുന്നത്. ഇവിടെ നമ്മുടെ കാഷ്യു ഡവലപ്പ്മെൻറ് കോർപ്പറേഷൻ ഏറെടുത്തു നടത്തുന്ന ഫാക്ടറികൾ ഉണ്ട്. ഇതിൽ പത്ത് വകുപ്പുണ്ട്. മൂലനിയമത്തിലെ വകുപ്പ് 11—നു ഭേദഗതിയായി കൊണ്ടുവന്നിരിക്കുന്ന 5—ാം ക്ലാസ് അനാവശ്യമായതുകൊണ്ടാണ് ഇതു ഞാൻ പറയുന്നത്. അതുകൊണ്ട് ഇതിനെത്തുടർന്നുള്ള എല്ലാ വകുപ്പുകളും അനാവശ്യമാണ്. വിവിധ തരത്തിലുള്ള മാനേജ്മെൻറ് സ്ഥാപനങ്ങൾ ഈ വ്യവസായത്തിൽ ഉണ്ടാകേണ്ട ആവശ്യമില്ല. അഞ്ചാറു വ്യവസായ സ്ഥാപനങ്ങൾ നില നിർത്താനാണ് ഗവൺമെൻറ് ശ്രമിക്കുന്നത്. ഒരു ഘട്ടത്തിൽ ഗവൺമെൻറ് ഏറെടുത്ത സഹകാര്യ സ്ഥാപനങ്ങളും രണ്ടു തരത്തിലുള്ളതാണ്. ഈ സ്ഥാപനങ്ങൾ ഇങ്ങനെ നടക്കുന്നതിനിടയ്ക്ക് ഈ ഭേദഗതി നിയമപ്രകാരം ഇപ്പോൾ അതിനു ള്ളള സ്ഥാപനങ്ങളിൽ ഫെഡറേഷനും കാപ്പക്സും ഇനി വരാവുന്ന സൊസൈറ്റികളും വേറെ ഇൻസ്റ്റിറ്റ്യൂഷനുമൊക്കെ ഉണ്ടാകും. അതുകൊണ്ട് ഈ ഭേദഗതികൾ ഒക്കെ delete ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ അഹമ്മദ്): ഇത് കോൺസി കാൻഷ്യൽ അമൻറ്മെൻറാണ്. അതുകൂടിയില്ലെങ്കിൽ നിയമത്തിൽ എന്തെങ്കിലും അപാകത ഉണ്ടായാലോ? അതുകൊണ്ട് അതു ഡലീറു ചെയ്യുവാൻ സാധിക്കുകയില്ല.

5–ാം വകുപ്പ് ബില്ലിൻെറ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

5–ാം വകുപ്പ് ബില്ലിൻെറ ഭാഗമായിത്തീർന്നു.

6–ാം വകുപ്പ് ബില്ലിൻെറ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

6–ാം വകുപ്പ് ബില്ലിൻെറ ഭാഗമായി സഭ അംഗീകരിച്ചു.

7–ാം വകുപ്പ് ബില്ലിൻെറ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

7–ാം വകുപ്പ് ബില്ലിൻെറ ഭാഗമായി സഭ അംഗീകരിച്ചു.

8–ാം വകുപ്പ് ബില്ലിൻെറ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

8–ാം വകുപ്പ് ബില്ലിൻെറ ഭാഗമായി സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും

1–ാം വകുപ്പും പീഠികയും പേരും ബില്ലിൻെറ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിൻെറ ഭാഗമായിത്തീർന്നു.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): ഈ ബില്ല് അവസാനമായി പാസാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. ബേബി ജോൺ: സർ, 3–ാം വായനയിൽ ഇത് പാസാക്കാനുള്ള അഭ്യർത്ഥന പുറപ്പെടുവിച്ചതോടൊപ്പംതന്നെ ചില വസ്തുതകളും ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തകർന്നു കിടക്കുന്ന, ലക്ഷക്കണക്കിന് തൊഴിലാളികളും ഉൾപ്പെടുന്ന ഒരു വ്യവസായത്തെ നല്ല നിലയിൽ കൊണ്ടുവരുന്നതിന് ശക്തമായ ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. ഗവൺമെൻറ് ഇപ്പോൾ അവകാശപ്പെടുന്നത്, ഗവൺമെൻറ് ഉടമയിലുള്ള കോർപ്പറേഷനു പുറമെ ഒരു സഹകരണ മേഖല കൂടി ഇതിനകത്ത് കൊണ്ടുവരണമെന്നാണ്. അടിസ്ഥാനപരമായി ഞാൻ അതിനെതിരാണ്. കാരണം, പൊതുമേഖലാ സ്ഥാപനങ്ങളും ഉള്ളയിടത്ത് അത് ശക്തമാക്കുവാൻ ശ്രമിക്കണമെന്നുള്ളതുകൊണ്ടാണ്. ഇവിടെ അതിനു പകരം ഇതുകൊണ്ടു വന്നിരിക്കുന്നു. പൊതു മേഖലാ സ്ഥാപനങ്ങളും പ്രവർത്തിക്കുമ്പോൾ അത് സഹകരണ മേഖലയ്ക്കും മാതൃക കാണിച്ചുകൊടുത്തുകൊണ്ടാണ് അതിൻെറ പ്രവർത്തനം നടക്കുന്നത്. അങ്ങ് തന്നെ എത്രയോ പ്രാവശ്യം ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

കേട്ടിട്ടുള്ളതാണ്. നിയമം അനുശാസിക്കുന്ന ആനുകൂല്യങ്ങളും നിഷേധിക്കുന്ന ഒരു വിഭാഗം തൊഴിലാളികളും, അവരുടെ ആനുകൂല്യങ്ങളും ലഭിക്കുന്നതിനുവേണ്ടി, അങ്ങനെ ലഭിച്ചുകൊണ്ട് സുസ്ഥിരമായ ഒരു അടിത്തറ പടുത്തുയർത്തുന്നതിനുവേണ്ടി ഒരു പരിശ്രമമായിരുന്നു പൊതു മേഖലയ്ക്ക് ഉണ്ടായിരുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, എനിക്ക് സഹകരണ പ്രസ്ഥാനങ്ങളും കടന്നു വരുന്നതിൽ സഹകരണപ്രസ്ഥാനങ്ങളോടുള്ള എതിർപ്പുകൊണ്ടല്ല, ഒരു ആശങ്കയുണ്ടെങ്കിൽ തന്നെയും പരീക്ഷണാർത്ഥം അതിനോട് സഹകരിക്കാൻ തയ്യാറാണ്. ഒന്നു, രണ്ടു കാര്യങ്ങളും ഗവൺമെന്റ് ഇക്കാര്യത്തിൽ ശ്രദ്ധിക്കണം. ഈ അടുത്ത കാലത്തു തന്നെ ബോണസിന്റെ പ്രശ്നം വന്നു. കോർപ്പറേഷൻ ബോണസ് കൊടുത്തു. ഒരു ഇൻഡസ്ട്രി വൈസ് എഗ്രിമെൻറുണ്ടായിരുന്നു. സഹകരണ മേഖലയിൽ നടത്തുന്ന സ്ഥാപനങ്ങളും ഈ തീരുമാനങ്ങളിൽനിന്ന് മാറിയിട്ട് നിയമത്തിന്റെ സങ്കുചിതത്വത്തിലേക്ക് ഇറങ്ങി വന്നിട്ട് തൊഴിലാളികളുടെ ന്യായമായി ലഭിക്കുവാനുള്ള അവകാശം നിഷേധിക്കുകയാണ് ചെയ്തത്. ഇതിന്റെ ഫലമെന്താണെന്ന് അറിയാമോ? ഇതിന്റെ ഫലം നാളെ സഹകാര്യ മേഖലയിലെ വ്യവസായികളും ബോണസ് ആക്ടിന്റെ പരിധിയിൽനിന്നുകൊണ്ട് മാത്രമേ ബോണസ് കൊടുക്കുകയുള്ളൂ. ഇൻഡസ്ട്രി വൈസ് സെറ്റിൽമെന്റുണ്ടായാലും അത് അവർക്കു ബാധകമല്ല. ഗവൺമെന്റ് നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനം അങ്ങനെ ചെയ്തിരിക്കുമ്പോൾ ഞങ്ങൾക്കു ഇനി ബാധകമല്ല എന്നു പറഞ്ഞ് ഒഴിഞ്ഞുമാറാം. ഇന്നുതന്നെ തുച്ഛമായി കിട്ടുന്ന ആനുകൂല്യങ്ങളും നിഷേധിക്കാനുള്ള അവസരം സഹകാര്യ മേഖലയ്ക്ക് ഉണ്ടാകുന്നു. കാപ്പക്സിന്റെ പ്രവർത്തനംമൂലം എന്നാണ് എനിക്ക് പറയാനുള്ളത്.

അതുപോലെതന്നെ കൂലി കുറയ്ക്കാനും മിനിമം വേജ് കൊടുക്കാതിരിക്കാനുമുള്ള ഒരാലോചനകൂടി ഇതിനകത്ത് ഉണ്ടോയെന്ന് ഞാൻ സംശയിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം മറുപടി പറഞ്ഞു ഇത് തൊഴിലാളികളുടെ സഹകരണ സംഘമാണ്, ഇത് അവർ നടത്തുന്നു, ലാഭമുണ്ടായാലും അവർക്ക്, നഷ്ടമുണ്ടായാലും അവർക്ക്. ഇങ്ങനെ ഒരു സമീപനംകൊണ്ട് ഈ വ്യവസായത്തെ പുനഃസംഘടിപ്പിക്കാൻ ഒക്കുമോ, വ്യവസായത്തെ ശക്തമാക്കാൻ ഒക്കുമോ? ഇതുതന്നെയാണ് സഹകാര്യ മേഖലയെക്കുറിച്ച് പറഞ്ഞുകൊണ്ടിരുന്നത്. കൂലി കുറയ്ക്കുന്നുവെന്ന് പരോക്ഷമായി സഹകാര്യ മേഖല സമ്മതിക്കാത്ത രീതിയിലാണ് കാപ്പക്സിന്റെ പ്രവർത്തനത്തെക്കുറിച്ച് മന്ത്രി ഇവിടെ വിശദീകരണം നൽകിയത്. അതുകൊണ്ടുതന്നെയാണ് ആശങ്കയുണ്ടെന്ന് ഞാൻ പറഞ്ഞത്. അതേ സമയത്ത് പരീക്ഷണാർത്ഥം ഇതുമായി സഹകരിക്കാൻ തയ്യാറാണ്. തൊഴിലാളികളുടെ മിനിമം കൂലി, മിനിമം വേജസ് ആക്ട് അനുസരിച്ചുള്ള കൂലിയല്ലാതാകരുത്. തൊഴിലാളിക്കും ഇൻഡസ്ട്രീസ്വൈസ് എഗ്രിമെൻറിന്റെ ആനുകൂല്യങ്ങളും ലഭിക്കണം. അങ്ങനെയുള്ള കാര്യങ്ങളിൽ പ്രത്യേക നിഷ്കർഷയുണ്ടായിരിക്കണമെന്ന് മൂന്നാം വായനയുടെ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ശ്രീമതി കെ.ആർ. ഗൗരി: സർ, ഈ നിയമം ഈ വ്യവസായത്തെ സംബന്ധിച്ച് ഗവൺമെന്റ് തുടർന്നു വന്നിരുന്ന നയത്തിന്റെ പിന്നോട്ടുള്ള ഒരു പോക്കാണ്. പിന്നോട്ടുള്ള പോക്കാണെന്നു പറയു

LIBRARY ARCHIVES Kerala Legislative Assembly

ന്നത് ഈ നിയമം കോ–ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും കാപ്പക്സിനും മാർക്കറ്റിംഗ് ഫെഡറേഷനുംവേണ്ടി ഗവൺമെൻറ് കശുവണ്ടി ഫാക്ടറികളും അക്വയർ ചെയ്തു കൊടുക്കാനുള്ള നിയമ നിർമ്മാണം ആയിരുന്നു എങ്കിൽ support ചെയ്യാമായിരുന്നു. കശുവണ്ടി corporation–നു ഫാക്ടറികളും പൊന്നും വിലയ്ക്കെടുത്തു കൊടുക്കുന്ന നിയമനിർമ്മാണം നേരത്തെ നിലവിലിരുന്നു. ഇന്നത്തെ ഈ നിയമത്തിൽ Corporation (Cashew) Marketing Federation Capex ഇതിനും പുറമേ മറ്റു institutions എന്നും ചേർത്തിരിക്കുന്നു. ഈ institutions Govt. (owned) ആയിരിക്കണം എന്ന് ഞങ്ങളുടെ ഭാഗത്തുനിന്നവതരിപ്പിച്ച ഭേഗതികൾ മന്ത്രി സ്വീകരിച്ചില്ല. ഗവൺമെൻറ് ഈ രംഗത്ത് ഇതേവരെ തുടർന്നു വരുന്ന നയം ആയി നോക്കുമ്പോൾ ഇത് സ്വകാര്യ മുതലാളിമാർക്ക് ഗവൺമെൻറ് ചിലവിൽ കശുവണ്ടി ഫാക്ടറികൾ acquire ചെയ്തു കൊടുക്കുന്നതിനുവേണ്ടിയുള്ള നിയമമാണെന്ന് ഉറപ്പിച്ചു വിശ്വസിക്കുന്നു. ഈ പ്രാവശ്യം മന്ത്രി ഉറപ്പിച്ചു പറഞ്ഞു, കുത്തക സംരേണം കശുവണ്ടി മേഖലയിൽ നടപ്പിലാക്കുകയില്ലായെന്ന്. ഒരു കാലത്ത് എസ്.ടി.സി. കശുവണ്ടി ഇറക്കുമതി ചെയ്തു; പുറത്തുനിന്ന് കാനലൈസ് ചെയ്തു തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നൽകിക്കൊണ്ടിരുന്നു. S.T.C. ഇറക്കുമതി നിർത്തി സ്വകാര്യ മേഖലയ്ക്ക് open licence-ൽ ഇറക്കാൻ അനുമതി കൊടുത്തതിനാൽ ഇന്ന് ചില സ്വകാര്യ മുതലാളിമാർ ഇംഗ്ലണ്ടിലും ടാൻസാനിയായിലും സിംഗപ്പൂരും താവളമാക്കി 6 രൂപയ്ക്ക് കശുവണ്ടി വാങ്ങി എടുത്തുകൊണ്ട് നമ്മുടെ നാട്ടിൽ വന്ന് 13 രൂപയ്ക്ക് വിറ്റ് ലാഭമുണ്ടാക്കുന്നു.

ഒരു കിലോ കശുവണ്ടിക്ക് ആറുരൂപ ലാഭമുണ്ടാക്കിക്കൊടുക്കുന്ന നടപടിയാണ് ഇവിടെ നടക്കുന്നത്. കേന്ദ്രഗവൺമെൻറ് എസ്.ടി.സി. മുഖാന്തിരം ഇറക്കുമതി ചെയ്തിരുന്നത് നിർത്തിയപ്പോൾ അന്നത്തെ സംസ്ഥാന ഗവൺമെൻറ് തൊഴിലാളികൾക്കു നാട്ടിൽ ജോലി കൊടുക്കാൻ കേരളത്തിൽ കശുവണ്ടി കൂടുതൽ ഉൽപ്പാദിപ്പിക്കാൻ രണ്ടുമൂന്ന് കശുമാവ് വളർത്തൽ സ്കീം നടപ്പാക്കി; വേൾഡ് ബാങ്ക് സ്കീമിൽ മൊട്ടി state കാഷ്യു ഡെവലപ്പ്മെൻറ് സ്കീം. 35 കോടി രൂപയാണ് സംസ്ഥാന ഗവൺമെൻറ് ഈ സ്കീമിനു മുടക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് കശുമാവ്കൃഷി വികസിപ്പിച്ച് നമ്മുടെ സംസ്ഥാനത്തുള്ള തൊഴിലാളികൾക്ക് കൂടുതൽ ജോലി കൊടുക്കാൻ 35 കോടി രൂപയാണ് ഈ സ്കീമിൽ മുടക്കുന്നത്. അത് മാത്രമല്ല സാധു സ്കീമിൽ പത്തുകോടി രൂപ കാഷ്യു ഡെവലപ്പുമെൻറിനുവേണ്ടി ഗവൺമെൻറ് plantation corporation–നെക്കൊണ്ടു മുടക്കിക്കുന്നു. പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിൽ കശുമാവ് കൃഷി വികസിപ്പിച്ച് കൂടുതൽ കശുവണ്ടി ഇവിടെ ഉൽപ്പാദിപ്പിക്കുവാനാണ് ശ്രമിക്കുന്നത്. കശുവണ്ടിയുടെ കാര്യത്തിൽ സ്വയംപര്യാപ്തമാക്കുന്നതിനുവേണ്ടിയുള്ള ഈ നടപടികൾ എല്ലാറ്റെടുത്തു. ഇങ്ങനെ സംസ്ഥാനഗവൺമെൻറിന്റെ പണം ഒരുവശത്ത് മുടക്കുന്നു. പ്ലാനിൽ വേൾഡ്ബാങ്കിന്റെ പണംകൊണ്ട് മറ്റു രണ്ടുമൂന്ന് സ്കീം കൊണ്ടുവന്ന് കശുമാവു കൃഷി വികസിപ്പിക്കുന്നു. പക്ഷേ ഈ പണംമുടക്കി കശുമാവുകൃഷി വികസിപ്പിച്ചു കൂടുതൽ കശുവണ്ടി ഉൽപ്പാദിപ്പിച്ചു കുത്തക സംരേണത്തിൽ അതു സംരേിച്ചെടുക്കാത്തതുമൂലം കശുവണ്ടി തമിഴ്നാട്ടിലേക്കും കർണ്ണാടകത്തിലേക്കും പോകുന്നു. നാം ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി സംരേിച്ചെടുത്തു കശുവണ്ടിത്തൊഴിലാളികൾക്ക് ജോലിയുണ്ടാക്കാൻ അവസരം കൊടുക്കുന്നില്ല. കശുവണ്ടി കുത്തകയായി സംരക്ഷണ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ന്നു് പറയുമ്പോഴും അതു് സാദ്ധ്യമല്ല എന്ന നിലപാടാണു് സർക്കാരിനു്. ഇതു ചെയ്യുന്നതു് അൽപ്പം ചില സ്വകാര്യമുതലാളിമാർക്കുവേണ്ടി അവരുടെ താൽപ്പര്യം നോക്കി അവർക്കു് കശുവണ്ടി കളളക്കടത്തുനടത്താൻ— അവരുടെ ലാഭംമാത്രം നോക്കിക്കൊണ്ടു് നടപടി നടത്തുന്നു. അങ്ങനെയുള്ള ഗവൺമെൻറു് institution എന്നു പറഞ്ഞാൽ ഞങ്ങടെ പ്രൈവറ്റു മേഖലയിൽ ഉള്ളതല്ലാ എന്നു പറഞ്ഞാൽ ആരാണു് വിശ്വസിക്കാൻ പോകുന്നതു്. കാപ്പെക്സു് എന്നു പറഞ്ഞാൽ മനസ്സിലാക്കാം. ഫെഡറേഷൻ എന്നു പറഞ്ഞാൽ മനസ്സിലാക്കാം. ഗവൺമെൻറിന്റെ പണം മുടക്കി കുത്തകമുതലാളിമാരെ സഹായിക്കുന്ന നടപടിയാണു് ഇതുകൊണ്ടു് ഉദ്ദേശിക്കുന്നതു്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടാക്ടിൽ ചില ആനുകൂല്യങ്ങളും തൊഴിലാളികൾക്കു് അനുവദിച്ചിട്ടുണ്ടു്. അതുപോലും ഏടുത്തു കളഞ്ഞാണു് ഈ നിയമം കൊണ്ടുവന്നിരിക്കുന്നതു്. ഈ നിയമത്തിലെ നാലാമത്തെ വകുപ്പിൽ 6—ം ഉപവകുപ്പിൽ എഴുതിയിരിക്കുന്നതു് എന്താണെന്നു് അറിയാമോ? ഞാൻ വായിക്കാം.

Notwithstanding anything contained in the Industrial Disputes Act, 1947 (Central Act 14 of 1947), or in any other law for the time being in force, any person whose service becomes terminated or whose terms and conditions of employment have been altered in pursuance of the provisions of this section, shall not be entitled to any compensation under this Act or under any other law for the time being in force and no such claim shall be entertained by any court, tribunal or other authority.

എന്നിട്ടു് പറയുകയാണു് ഇതു് തൊഴിലാളികളെ രക്ഷിക്കാൻ കോൺസിക്വൻഷ്യലായിട്ടു് കൊണ്ടുവന്ന അമൻറുമെൻറാണെന്നു്. നാണമില്ലേ ശ്രീ. അഹമ്മദേ? നിങ്ങടെ വക്കീലാണെന്നാണു് പറയുന്നതു്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടു് ആക്ടു് ഭേദഗതി ചെയ്തു തൊഴിലാളിയുടെ അവകാശം വെട്ടിക്കുറയ്ക്കാൻ.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഇത്തരത്തിൽ ചർച്ച പോകുന്നതു് നിർഭാഗ്യകരമാണു്. ഒരു മന്ത്രിയെപ്പറ്റി നാണമില്ലേയെന്നൊക്കെ പറയുന്നതു്.....

ശ്രീമതി കെ.ആർ. ഗൗരി: എന്താ നാണമില്ലേയെന്നു് ചോദിക്കാൻ പാടില്ലേ? ഒരു മുഖ്യമന്ത്രി ഇങ്ങനെയാണോ പറയുന്നതു്. അങ്ങു് ഒരു തൊഴിലാളി നേതാവാണു്. ശ്രീ. കരുണാകരനെ ഞാൻ ആദ്യം കാണുന്നതു് ട്രേഡ്യൂണിയൻ നേതാവായിട്ടാണു്, അല്ലാതെ മുഖ്യമന്ത്രിയായിട്ടൊന്നുമല്ല. ട്രേഡ്യൂണിയൻ നേതാവായിട്ടുള്ള മുഖ്യമന്ത്രിയുടെ ഗവൺമെൻറാണു് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടു് ആക്ടിൽ തൊഴിലാളിക്കു കൊടുത്തിരുന്ന ആനുകൂല്യങ്ങളും ഇല്ലാതാക്കുന്ന വകുപ്പു് എഴുതിവച്ചുകൊണ്ടുള്ള നിയമം പാസ്സാക്കാൻ നിൽക്കുന്നതു്. ഞാൻ നാണമില്ലേയെന്നു് ചോദിച്ചപ്പോഴും അതു് ശരിയാണോയെന്നു് പറയുന്നു. അദ്ദേഹം പറയാറുണ്ടു് എന്നോടു് ബഹുമാനമുണ്ടെന്നു് എനിക്കും അങ്ങയോടു ബഹുമാനമുണ്ടു്. ആ ബഹുമാനം കളയരുതു്. ഈ നിയമം ഈ രംഗത്തു ഒരു പുറകോട്ടു് പോക്കാണു്. തൊഴിലാളികളുടെ അവകാശങ്ങളും സംരക്ഷിക്കുന്ന കാര്യത്തിൽ കശുവണ്ടി പ്രൊക്യൂർമെൻറിൽ എല്ലാം സ്വകാര്യ വ്യക്തികളുടെ സ്ഥാപനങ്ങളും

കൂടി ഉൾക്കൊള്ളിക്കത്തക്ക വകുപ്പുകളും ചേർത്ത് ഈ ഗവൺമെന്റ് മുതലാളിമാർക്ക് സഹായങ്ങളും ചെയ്തുകൊടുക്കുന്നതിനാണ്. ഇത് ഒരു പുറകോട്ട് പോകൽ ബില്ലാണെന്ന് ഒരിക്കൽകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഞാൻ വളരെ സന്തുഷ്ടനാണ്. ശ്രീമതി ഗൗരിയമ്മ ഈ ബില്ലിനെ സംബന്ധിച്ച് നടന്ന ചർച്ചയിൽ പങ്കെടുത്തതിൽ എനിക്ക് സന്തോഷമുണ്ട്. കാരണം ഇതുപോലുള്ള നിയമങ്ങളിൽ പല അഭിപ്രായപ്രകടനങ്ങളും ഉണ്ടാകാറുണ്ട്. 1974-ൽ മൂന്നുമിനിറ്റുകൊണ്ട് മാത്രം ഈ സഭ പാസ്സാക്കിയ ഒരു നിയമത്തിനുള്ള ഭേദഗതിയെ സംബന്ധിച്ച് മണിക്കൂറുകളോളം ചർച്ചനടത്താൻ അവസരമുണ്ടായതിൽ എനിക്ക് സന്തോഷമുണ്ട്. ഈ നിയമത്തിന്റെ ഫലമായി ഉണ്ടായ നൻമകളും കൂടി കണക്കിലെടുക്കണം. ശ്രീമതി ഗൗരിയമ്മ ചില ഭേദഗതികളെസംബന്ധിച്ച് പറഞ്ഞു. ശ്രീമതി ഗൗരിയമ്മ നോക്കിയിട്ടുണ്ടോ? ഭേദഗതികളും ഡിലീറ്റ് ചെയ്യണമെന്ന് ചിലർ പറഞ്ഞു. എന്താണ് ഡിലീറ്റ് ചെയ്യേണ്ടത്? 3400 തൊഴിലാളികൾക്ക് ജോലി നൽകാനുള്ള ഒൻപത് ഫാക്ടറികളും ഗവൺമെന്റ് ഏറ്റെടുത്തു. ആ ഫാക്ടറിയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് നിയമസംരക്ഷണം കൊടുക്കാനുള്ള ഭേദഗതിയുടെ വകുപ്പുതന്നെ മാറ്റണമെന്ന് പറയുന്ന പ്രതിപക്ഷാംഗങ്ങൾക്ക് ഈ ഗവൺമെന്റിന്റെ ആത്മാർത്ഥതയെ സംബന്ധിച്ച് ചോദ്യം ചെയ്യാൻ അവകാശമില്ല. 3400 തൊഴിലാളികൾക്ക് ജോലി കൊടുത്ത കാപ്പെക്സ്.....(ബഹളം) ഈ ഫാക്ടറി ഏറ്റെടുത്ത വകുപ്പ്.....(ബഹളം) ശ്രീ. ഉണ്ണിയുമായിട്ട് എനിക്ക് യാതൊരു തർക്കവുമില്ല. കാപ്പെക്സ് കശുവണ്ടി വ്യവസായത്തിലെ കാലനാണെന്ന് പറയാൻ മടിക്കാത്ത ചിലആളുകളും ഉണ്ടായിരുന്നു. കാപ്പെക്സിൽ ഇന്ന് 3400 തൊഴിലാളികൾക്ക് ജോലി കൊടുക്കുന്ന ഒൻപത് ഫാക്ടറികളും വന്നു. പൂട്ടിക്കിടക്കുന്ന ഫാക്ടറികളും മുതലാളിമാരിൽനിന്ന് എടുത്ത് ഒരു സ്വതന്ത്രസ്ഥാപനമാക്കി കോ-ഓപ്പറേറ്റീവ് സെക്ടറിനെ ഭരമേൽപ്പിച്ചു. അതും കുറ്റമാണ്. തോട്ടണ്ടി കിട്ടാവുന്നിടത്തുനിന്നെല്ലാം വാങ്ങിക്കണം. തോട്ടണ്ടി വാങ്ങിച്ചില്ലെങ്കിൽ ആക്ഷേപമാണ്. വാങ്ങിച്ചാൽ അതും ആക്ഷേപമാണ്. ആരാണ് വാങ്ങിക്കുന്നത്? ഗവൺമെന്റാണോ? എല്ലാ രാഷ്ട്രീയപാർട്ടികൾക്കും, പ്രതിപക്ഷങ്ങൾ അടക്കം പ്രാതിനിധ്യമുള്ള കാഷ്യൂ കോർപ്പറേഷന്റെ ബോർഡ് തീരുമാനിച്ച് വരുത്തുന്ന തോട്ടണ്ടി ക്യാനലൈസ് ചെയ്യുന്നത് ഈ ഗവൺമെന്റിന്റെ പരിധിയിലാണോ? പഴയകാലത്ത് കോർപ്പറേഷന് എങ്ങനെ ഇത്രയുമധികം പണം വന്നു. കോർപ്പറേഷന് 28 കോടി രൂപ നഷ്ടമുള്ളത്, കടമുള്ളത് ഇക്വിറ്റി ഷെയറായി മാറ്റികൊടുത്തു ഗവൺമെന്റ്. ഒന്നരക്കോടിരൂപ ഇക്വിറ്റി ഉണ്ടായിരുന്ന കോർപ്പറേഷന് 28 കോടി രൂപ ഇക്വിറ്റി ഷെയറായി കൊടുത്തു. സാമ്പത്തികസ്ഥാപനങ്ങളെ സമീപിച്ച് പണം സമാഹരിക്കാൻവേണ്ടി ശക്തിയായ പൊതുമേഖലാസ്ഥാപനം ഉണ്ടാക്കിയ ഈ ഗവൺമെന്റിനെതിരായി നിങ്ങൾ ആരോപണം ഉന്നയിച്ചത് മിതമായ ഭാഷയിൽ പറഞ്ഞാൽ ക്രൂരമായിപ്പോയിയെന്നേ പറയാനുള്ളൂ. ഞങ്ങൾ പറയുന്നത് പൊതുമേഖലയെ സഹായിക്കാനാണ്. നിങ്ങൾ തോറ്റിടത്ത് ഞങ്ങൾ വിജയിച്ചു. ഞങ്ങൾ വിജയിച്ച് മുന്നോട്ടുപോകുന്നു. ശ്രീമതി ഗൗരിയമ്മ പറഞ്ഞു പുറകോട്ട് പോക്കാണെന്ന്. പുറകോട്ട് പോകലല്ല, ഞങ്ങൾ മുന്നോട്ട് പോവുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. ഇനിയും മുന്നോട്ടുപോകും. ശ്രീമതി ഗൗരിയമ്മയുടേയും പ്രതിപക്ഷത്തുള്ള എല്ലാ കക്ഷികളുടേയും ആത്മാർത്ഥമായ സഹകരണം, ഈ നിയമസഭയിൽ ഇങ്ങനെയൊക്കെ പറഞ്ഞാലും, ഞങ്ങൾക്ക് ഉണ്ടാകുമെന്ന ഉത്തമവിശ്വാസത്തോടുകൂടി ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

1984—ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതിബിൽ അവസാനമായി പാസ്സാക്കിത്തരണമെന്ന പ്രമേയം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30—ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1985 സെപ്റ്റംബർ 20—ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30—ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.40—ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly